T62
B46
5 b9
T62
B46

'S. H. LEAGUE'

൧൨൨] ജൂലൈ. [൧൯൩൭.

ഏലിയായുടെ ശാപം.

(ഒരു പ്രഹസനം.)

In Commemoration
of the
Vatican "Press Exhibition"
by

The Very Rev. Fr. Clement Mary,
Second Definitor General
of the
Carmelite order.

Jubilee Memorial Press,
Mangalapuzha Seminary,
ALWAYE.
1937.

൧൯൩൯ ജനുവരിമുതൽ വരിസംഖ്യ ക്രമമായി തന്നു രസീതു പററിയവരുടെ പേരുവിവരം.

195	റവ. ഫാദർ	തോമസ് ആട്ടോക്കാരൻ	1	12	0
348	,, ,,	മാത്യൂ താഴത്തേൽ	1	8	0
126	,, ,,	പീററർ വളവനാട്ട്	1	8	0
1450	,, ,,	ജോസഫ് ആലുങ്കൽ	1	8	0
1178	,, ,,	അഗസ്റ്റിൻ ചക്കാലക്കൽ	1	14	0
141	,, ,,	പോൾ എളങ്കുന്നപ്പുഴ	1	8	0
1618	,, ,,	ഫ്റാൻസിസ് വാകക്കേരി	1	9	0
878	,, ,,	ജോൎജ്ജു അക്കര	1	8	0
397	,, ,,	ജോസഫ് പുല്ലാക്കാരൻ	1	8	0
290	,, ,,	പീററർ പയ്യത്തിൽ	1	8	0
100	,, ,,	ജോർജ്ജു പലയൂർ	1	8	0
1444	,, ,,	തോമസ് പ്ലാക്കാട്ട്	1	14	0
312	,, ,,	ജോസഫ് പൈനുങ്കൽ	1	8	0
437	,, ,,	എ. ഗൊഡിൻഹോ	1	12	0
736	,, ,,	ഫാറാൻസിസ് വന്ന്യംപറമ്പിൽ	1	12	0
877	,, ,,	സേവിയർ അക്കര	1	8	0
553	,, ,,	ജോസഫ് അന്നാശ്ശേരി	2	6	0
145	,, ,,	ജോസഫ് വാഴത്തറ	1	8	8
1015	ശ്രീമാൻ	ചാക്കോ കല്ലുക്കുളത്തിൽ	2	13	0
1772	,,	കെ. ജെ. സേവ്യർ	2	0	0
1999	,,	വർക്കി തട്ടാരക്കുന്നേൽ	1	0	0
1021	,,	ജോൺ കോണോത്തു്	2	13	0
1546	,,	സി. ഫിലിപ്പ്	2	15	0
343	,,	ഇ. ജെ. അഗസ്റ്റിൻ	1	0	0
971	,,	ജോസഫ് മൂലയിൽ	1	2	0
1270	,,	ജേക്കബ് തലവയലിൽ	2	13	0
1891	,,	ജോസഫ് ഏനാനിക്കൽ	0	12	0
1854	,,	വി. പി. സെബാസ്റ്റ്യൻ	1	0	0

Printed by Rev. Fr. Xavier

ഏലിയായുടെ ശാപം.

(ഒരു പ്രഹസനം.)

T62/B·46
DHARMARAM COLLEGE LIBRARY, BANGALORE. 4449
CANCELLED

ഗ്രന്ഥകർത്താവു്
സി. ററി. ബർണ്ണാർഡ്.

«Jubilee Memorial Press»
Mangalapuzha Seminary,
ALWAYE.
1937

Nihil Obstat.

Fr. John Joseph O. C. D.

IMPRIMATUR.

✠ Joseph Attipetti,
Abp., Verapoly.

Ernakulam, 15-3-1937.

2/33

T.62

പ്രസ്താവന.

ഏതാണ്ടു പതിനഞ്ചുകൊല്ലം മുൻപു, മാന്നാനം സെയ്ന്റ് എഫ്രേംസ് സ്കൂൾ ദിനാഘോഷം പ്രമാണിച്ച് അഭിനയിക്കുന്നതിനായി, അന്നു "നസ്രാണിദീപിക"യുടെ സഹപത്രാധിപരായിരുന്ന ശ്രീമാൻ സി. ററി. ബർണ്ണാർഡ് അവർകൾ രചിച്ചതാണ് "ഏലിയായുടെ ശാപം" എന്ന ഈ പ്രഹസനം. ഇതിൻെറ കൈയെഴുത്തുപ്രതി ഉപയോഗിച്ചു പല സ്കൂളുകളിലും, ഗ്രന്ഥകർത്താവിൻെറ സ്വദേശമായ അർത്തുങ്കലും, മററു പല സ്ഥലങ്ങളിലും ഈ പ്രഹസനം പ്രശസ്തമായ രീതിയിൽ അഭിനയിക്കപ്പെടുകയും, സഹൃദയരുടെ സമാദരത്തിന്നും അഭിനന്ദനത്തിനും അർഹമായിത്തീരുകയും ചെയ്തിട്ടുണ്ട്.

ഇതിൻെറ കർത്താവായ ശ്രീമാൻ സി. ററി. ബർണ്ണാർഡ് കാലയവനികയ്ക്കുള്ളിൽ മറഞ്ഞിട്ട് ഉദ്ദേശം പത്തുവത്സരം കഴിഞ്ഞിരിക്കുന്നു. സാക്ഷാൽ സാഹിത്യാഭിമാനിയും ഒരു സമുദായപ്രമാണിയുമായിരുന്ന ഇദ്ദേഹത്തിൻെറ സ്മരണയെ സമുദായമദ്ധ്യേ നിലനിറുത്തുന്നതിനും, ക്രിസ്തീയപ്രഹസനങ്ങളുടെ വൈരള്യത്തെ അല്പമായിട്ടെങ്കിലും പരിഹരിക്കുന്നതിനും ഈ ലഘുഗ്രന്ഥം പ്രയോജകീഭവിക്കാതിരിക്കയില്ല എന്നാണി ഞങ്ങളുടെ പ്രതീക്ഷ.

കാലോചിതമായ ചില ഭേദഗതികളോടുകൂടെ 'ലീഗി'ൽനിന്നും ഇതു പ്രസിദ്ധംചെയ്യുന്നതിനുവേണ്ട അനുമതിയും അവകാശവും ഗ്രന്ഥകർത്താവിൻെറ ഏകപുത്രിയുടെ രക്ഷാകർത്താവെന്ന നിലയിൽ സദയം നല്കിയശ്രീമാൻ പി. റെയിനോൾഡ് കോയിപ്പുറമ്പിൽ അവർകളോടു 'ലീഗി'നുള്ള അനല്പമായ കൃതജ്ഞതയെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

കഥാപാത്രങ്ങൾ.

വിജയവീരൻ . . . . . . കല്ല്യാപുരിരാജാവ്.
വീരബാഹു . . . . കല്ല്യാപുരി രാജാവിൻെറ പുത്രൻ.

ശാർങ്ഗധരൻ.
കാർത്തികേയൻ.
ചക്രപാണി.
മധുസൂദനൻ.
} കല്ല്യാപുരി രാജവിൻെറ മന്ത്രിമാർ.

കല്ല്യാപുരിരാജാവിൻെറ ഭടന്മാർ, സേവകന്മാർ, പരിചാരകബാലന്മാർ etc.

തോമ്മാമുനി . . . . വി. തോമ്മാശ്ലീഹാ.
വീരസേനൻ . . . . കമലാപുരിരാജാവ്.
ഏലിയാ . . . . . . കമലാപുരിരാജാവിൻെറ ഏകപുത്രി.
(ക്രിസ്തുമതപ്രചരണത്തിനായും ആതുരസംരക്ഷണത്തിനായും പുരുഷവേഷത്താൽ സഞ്ചരിക്കുന്നു.)

അഞ്ചലോസ് . . . . കല്ല്യാപുരിരാജാവിൻെറ പുത്രൻ—ക്രിസ്തുമതം സ്വീകരിക്കയാൽ സ്വപിതാവിനാൽ ബഹിഷ്കരിക്കപ്പെട്ടു. കമലാപുരിരാജാവു ദത്തപുത്രനായി സ്വീകരിച്ചു.
ഭ്രാന്തൻ . . . . അഞ്ചലോസ് ഭ്രാന്തവേഷത്തിൽ.
വീരവിക്രമപ്പിള്ള . . . . കമലാപുരിരാജാവിൻെറ സൈന്യാധിപൻ.

കർഋമൻ.
ബലഭദ്രൻ.
} കല്ല്യാപുരിരാജധാനിയിലെ പാറാവുകാർ.

വൃദ്ധൻ . . . . . പാന്ഥൻ . . . . . പടയാളികൾ.

സീൻവിവരങ്ങൾ.

൧) കല്ല്യാപുരി രാജധാനി—മന്ത്രിസഭ.
൨) തോമ്മാമുനിയുടെ ഗുഹ.
൩) കമലാപുരി രാജധാനി.
൪) കമലാപുരിയും കല്ല്യാപുരിയും തമ്മിലുള്ള യുദ്ധം.
൫) ഏലിയാ ജയിലിൽ.
൬) തോമ്മാശ്ലീഹായുടെ കവറിടം.

N. B. പടയാളികൾ സദസ്യർക്കു ചിരിവരത്തക്കവിധത്തിൽ യാതൊന്നും ചെയ്തുകൂടാ.

ഏലിയായുടെ ശാപം

(ഒരു പ്രഹസനം)

രംഗം ൧.

(കല്യാപുരി രാജധാനി.)

(മന്ത്രിമാരായ ശാർങ്ങ്ഗധരൻ, ചക്രപാണി, കാർത്തികേയൻ, മധുസൂദനൻ എന്നിവർ ഇരിക്കുന്നു. രണ്ടു ബാലന്മാർ സിംഹാസനത്തിനു സമീപവും, രണ്ടു ഭടന്മാർ പ്രവേശനദ്വാരത്തിങ്കലും നില്ക്കുന്നു. വിജയവീരമഹാരാജൻ പ്രവേശിച്ച് ആസനസ്ഥനാകുന്നു.)

രാജാവ്:— അല്ലയോ പ്രിയ മന്ത്രിമാരേ, നമ്മുടെ രാജ്യത്തെ മതപരവും, സാമുദായികവും, സാമ്പത്തികവും ആയ ഇപ്പോഴത്തെ സ്ഥിതിഗതികളെക്കുറിച്ച് അറിവാനുള്ള അതിയായ ആഗ്രഹത്തോടുകൂടെയാണു നാം ഇപ്പോൾ ഇവിടെ സന്നിഹിതനായിരിക്കുന്നത്.

മന്ത്രിശാർങ്ങ്ഗധരാ, നമ്മുടെ പ്രജകൾ ഈതിബാധകളൊന്നുംകൂടാതെ സൗഭാഗ്യവാന്മാരായിത്തന്നെയിരിക്കുന്നുവോ?

ശാർങ്ങധരൻ:— അവിടത്തെ ഭരണത്തിൽ നാനാവിധമായ ഐശ്വര്യം ഈ രാജ്യത്തു വളർന്നുകൊണ്ടാണിരിക്കുന്നത്.

രാജാ:— പ്രജകളുടെ ഇടയിൽ വിപ്ളവലക്ഷണങ്ങളോ, അയൽ നാട്ടുകാർക്കു നമ്മെ ആക്രമിക്കുവാൻ ഭാവമോ ഒന്നുമില്ലല്ലോ?

ശാർങ്ങ:— യാതൊന്നുമില്ല.

രാജാ:— കൊള്ളാം. മന്ത്രി ചക്രപാണേ,

ബ്രാഹ്മണപൂജകൾ, ഗോകുലരക്ഷ, അതിഥിസത്കാരം, ഇവയെല്ലാം നിർവിഘ്നം ഹൈന്ദവമുറപോൽതന്നെ നടക്കുന്നുവോ?

ചക്രപാണി:— ഇവിടത്തെ കൃപയാൽ എല്ലാം ഏററം മംഗളമായി നടക്കുന്നുണ്ട്.

രാജാ: - സന്തോഷംതന്നെ. മന്ത്രി കാർത്തികേയാ, ദേവന്മാരുടെ കൃപയാണല്ലോ എല്ലാററിലും ഉപരിയായി കാംക്ഷിക്കേണ്ടതു്. പുരോഹിതന്മാർ അമ്പലങ്ങളിലെ കർമ്മാദികൾ യഥാവിധി നിർവ്വഹിക്കുന്നുണ്ടല്ലോ?

കാർത്തികേയൻ:— ഈ വിഷയത്തിൽ ആചാര്യന്മാർ സർവ്വപ്രധാനമായി ശ്രദ്ധിക്കുന്നുണ്ടെന്ന് അവിടത്തെ ഉണർത്തിക്കുവാൻ അടിയനു സന്തോഷമുണ്ട്.

രാജാ:— മന്ത്രി മധുസൂദനാ, നമ്മുടെ പ്രജകൾ എല്ലാവരും പിതൃക്കൾക്കു ബലി അർപ്പിക്കുന്നതിലും, മതനിബന്ധനകൾ അനുഷ്ഠിക്കുന്നതിലും ഉത്സുകരായി വർത്തിക്കുന്നുവോ?

മധുസൂദനൻ:— അല്പം വ്യത്യസ്തമായ ഒരു മറുപടി അടിയനുണർത്തിപ്പാൻ ഉള്ളതിൽ വ്യസനിക്കുന്നു...... ആര്യപുരാതനന്മാരുടെ കാലംമുതൽ ഈ രാജ്യത്തു നിലനിന്നുവരുന്ന പരിപാവനമായ ഹിന്ദുമതത്തിന് അശോകചക്രവർത്തിയുടെ ഭരണദശയിൽ അല്പം ഉടവുതട്ടിയെന്നു നാം അറിയുന്നു. അദ്ദേഹത്തിൻെറ നിര്യാണത്തോടുകൂടെ സാമ്രാജ്യം ഛിന്നഭിന്നമായതുപോലെ, ബുദ്ധമതവും മിക്കവാറും നാമാവശേഷമായി. നമ്മുടെ ഈ കല്യാപുരിരാജ്യം അങ്ങയുടെ വാഴ്ചയിൽ സ്വാതന്ത്ര്യം പ്രാപിച്ചതോടെ, പൂർവ്വന്മാരുടെ മതം വീണ്ടും തഴച്ചുവളർന്നു. എന്നാൽ, ഇതാ, മഹേന്ദ്രജാലം പഠിച്ച ഒരു കിഴവൻ യഹൂദൻ ഒരു പുതിയ മതവുംകൊണ്ടു് ഇവിടെ എത്തിയിരിക്കുന്നു.

രാജാ:— ക്രിസ്തുമതോപദേശിയായ ആ തോമ്മായുടെ കാര്യമല്ലയോ മന്ത്രി പറയുന്നതു്?

മധുസൂദ:— അതേ, തിരുമേനി,--വെള്ളമെറിഞ്ഞു മുകളിൽ നിറുത്തുക, മഹാവ്യാധി സുഖപ്പെടുത്തുക, ജന്മാന്ധന്മാർക്കു കാഴ്ചകൊടുക്കുക, ഊമരെ സംസാരിപ്പിക്കുക, മുതലായ അയാളുടെ മായാവിദ്യകളിൽ മയങ്ങി അനേകം ജനങ്ങൾ നമ്മുടെ മതത്തെ ഉപേക്ഷിച്ച് അയാളുടെ മതത്തെ സ്വീകരിക്കുന്നു. പതിനഞ്ചു ആനകൾ പിടിച്ചാൽ ഇളകാത്ത ഒരു പെരുംതടി അയാൾ തനിയെ വലിച്ച് ആററിൽനിന്നു കരയ്ക്കിട്ടതുകണ്ടു് ആശ്ചര്യപ്പെട്ടു് മന്ധരപുരം മഹാരാജാവും, കുടുംബവും, പ്രജകളിൽ ബഹുസഹസ്രംപേരും അയാളുടെ മതത്തിൽ ചേർന്നു. അതുപോലെ, കാട്ടാനകളെ നാട്ടിൽ നിന്നോടിച്ചു കൃഷിക്കാർക്ക് ഉപകാരം ചെയ്തതിനാൽ, കമലാപുരിരാജാവും അയാളുടെ ദൈവത്തെ വന്ദിക്കുന്നു. ഇപ്പോൾ, ഇതാ, ഒരു സന്യാസിവേഷം ധരിച്ച് ആ വെള്ളക്കാരൻ നമ്മുടെ രാജ്യത്തു് എത്തിയിട്ടുണ്ടു്. അയാൾ ഇവിടെത്താമസിച്ചാൽ, രണ്ടുമൂന്നുമാസംകൊണ്ടു് ഇക്കൊച്ചുരാജ്യത്തുനിന്നും ഹിന്തുമതം അസ്തമിച്ചുപോകുമെന്നാണു തോന്നുന്നതു്.

രാജാ:— ആ മ്ലേച്ഛന്റെ ഉപദ്രവങ്ങൾ ക്ഷമാസീമയെ അതിലംഘിക്കുന്നുവല്ലോ! കിരീടവകാശിയായ നമ്മുടെ മൂത്തപുത്രൻ ഈ യൂദന്റെ വേദത്തിൽ ചേർന്നതുകൊണ്ടല്ലേ നാം അവനു ഭ്രഷ്ടുകല്പിച്ചു നാടുകടത്തിയതു്!

ശാർങ്ങ :— കൊച്ചുതിരുമേനി നഷ്ടപ്പെട്ടതുകൊണ്ടുള്ള ദുഃഖം അടിയങ്ങൾക്കു് ഒരുകാലത്തും തീരുന്നതല്ല. ആ ഒരുകാര്യം വിചാരിച്ചാൽ, ആ കിഴവന്റെ ഗളം ഛേദിച്ചു കളയുവാൻ ഒട്ടും കാലവിളംബം പാടില്ലാത്തതാണു്.

ചക്രപാ:— നമ്മുടെ ക്ഷേത്രങ്ങളെയെല്ലാം പള്ളികളാക്കുമെന്നു അവൻ വീരവാദം ചെയ്യുന്നുണ്ടു്. ഇത്തരം ധിക്കാരങ്ങൾക്കു ശരിയായ ശിക്ഷ കൊടുത്തില്ലെങ്കിൽ രാജസ്ഥാനത്തോടുള്ള പ്രജകളുടെ ബഹുമാനം ക്ഷണത്തിൽ ക്ഷയിച്ചുപോകും.

മധുസൂ:— നമ്മുടെ ഭദ്രകാളിക്ഷേത്രം അയാൾ ഇന്നലെ തീവെച്ചുകളഞ്ഞതായി റിപ്പോർട്ടു കിട്ടിയിരിക്കുന്നു. ഇവ്വിധമുള്ള അക്രമങ്ങൾ അനുവദിക്കത്തക്കതോ!

രാജാ:— അവനെ ഏതുവിധം ശിക്ഷിയ്ക്കുവാൻ കഴിയും! ഒരു വാക്കുകൊണ്ടു നമ്മളെയെല്ലാവരേയും ഭസ്മമാക്കുന്നതിന് അവൻ ശക്തനാണെന്നു കേൾക്കുന്നു. അങ്ങനെയുള്ള ഒരുവനോടു നാം എന്താണു ചെയ്യുക?

കാർത്തി:— അവയൊക്കെ മൂഢന്മാരെ വിശ്വസിപ്പിക്കുന്നതിനുള്ള അവൻെറ തന്ത്രങ്ങളല്ലേ, തിരുമേനീ! അവൻ ഒന്നും ചെയ്വാൻ ശക്തനല്ല. അവിടന്ന് അനുവദിക്കയാണെങ്കിൽ, ഞങ്ങൾ നിഷ്പ്രയാസം അവൻെറ കഥ കഴിയ്ക്കാം.

രാജാ:— വേറേയും വിഷമതകൾ നാം കാണുന്നുണ്ട്. ശക്തനായ മന്ധരനൃപനും, കമലാപുരിരാജാവും അവൻെറ മതം സ്വീകരിച്ചിരിക്കുന്നതുകൊണ്ട്, അവർ നമ്മോടു പ്രതികാരം ചെയ്യുവാൻ പുറപ്പെടുകയല്ലയോ? അശോകൻെറ നിര്യാണത്തോടുകൂടെ ഏകഛത്രാധിപത്യം ദക്ഷിണഭാരതത്തിൽനിന്നു പോയിരിക്കുകയല്ലേ? എന്തെങ്കിലും കാരണമുണ്ടാക്കി ഈ രാജ്യം ആക്രമിച്ചു കീഴടക്കേണമെന്ന് അയല് രാജ്യങ്ങൾക്കെല്ലാം ആശയുള്ളതാണ്.

ശാർങ്ങ:— അതിനു നിവൃത്തിയുണ്ട്. രഹസ്യമായിവേണം അവനെ വധിക്കുവാൻ. കമലാപുരിയുടേയും കല്യാപുരിയുടേയും അതിർത്തിയിലുള്ള ഒരു ഗുഹയിലാണ് അവൻ ഇപ്പോൾ തപസ്സുചെയ്യുന്നത്. അവൻ ആ ഗുഹയിൽ ഏകാന്തവാസമാണ്. ഒരു ദിവസം രാത്രി അവിടെച്ചെന്നു നമുക്ക് അവൻെറ കഥകഴിക്കാം. കമലാപുരിക്കാരാണ് ഈ കൃത്യം നടത്തിയത് എന്നു നമുക്കു പറഞ്ഞുപരത്തുകയും ചെയ്യാം.

രാജാ:— സംഗതികൾ ഇവ്വിധം അവസാനിച്ചാൽ കൊള്ളാം. എൻെറ പുത്രനു മതംഭ്രംശം വരുത്തിയവനോട് ശരിയായ പ്രതിക്രിയ ചെയ്യണമെന്ന് എനിക്കും ആഗ്രഹമുണ്ട്.

കൂടാതെ, മതസംരക്ഷണത്തിനും അയാളുടെ വധം ആവശ്യക വുമാണ്.

ചക്രപാ:— എല്ലാം മംഗളമായി ഭവിക്കും. ദേവന്മാർ നമുക്കു തുണയുണ്ട്. വെറുതെയല്ലല്ലോ നാം നിവേദ്യവും, നിത്യ ഹോമവും, ബ്രാഹ്മണസദ്യയുമൊക്കെ അമ്പലങ്ങളിൽ നടത്തുന്നത്.

കാന്തി: കൊച്ചുതിരുമേനിയെക്കൂടെ അടിയങ്ങളൊന്നിച്ച് അയച്ചുതരേണമെന്ന് ഒരപേക്ഷയുണ്ട്.

രാജാ:— ഇനി എനിക്ക് ഒന്നേ ശേഷിച്ചിട്ടുള്ളു. അവന് വല്ല അപകടവും വന്നാലുള്ള അവസ്ഥ എത്ര ഭയങ്കരമായിരിക്കും!

മധുസൂദന:— ഇല്ല; മഹാരാജാവേ, കൊച്ചുതിരുമേനിക്കു യാതൊരാപത്തും കൂടാതെ അടിയങ്ങൾ കാത്തുകൊള്ളാം. അങ്ങയുടെ പിൻഗാമിയായി ഞങ്ങളെപ്പോററുവാൻ മററാരുമില്ലെന്ന് അറിയാതെയല്ല ഞങ്ങൾ ഇതുണത്തിക്കുന്നത്. ഭടന്മാർക്ക് ഒരുത്സാഹത്തിന്നും, സ്വപുത്രൻതന്നെ പ്രതിക്രിയ സാധിച്ചുവെന്ന് അങ്ങേയ്ക്കൊരു കൃതാൎത്ഥതയ്ക്കും വേണ്ടിയാണ് കൊച്ചുതിരുമേനികൂടെ പോരേണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നത്. ആപത്തുണ്ടാകുമെന്നു ശങ്കയുണ്ടെങ്കിൽ അടിയങ്ങൾ ഇങ്ങനെ ആവശ്യപ്പെടുന്നതല്ല.

രാജാ:— എന്തോ? എനിയ്ക്ക് അതുമാത്രം ബോധ്യമാകുന്നില്ല. ഉണ്ണിയുടെ ഹിതംകൂടെ നാം അറിയട്ടെ:– ആരവിടെ! (സേവകൻ സവിനയം ഹാജരാകുന്നു) കുമാരനായ വീരബാഹുവിനെ കൂട്ടിക്കൊണ്ടുവരുക. (സേവകൻ പോകുന്നു)

കാന്തി:— കൊച്ചുതിരുമേനിയ്ക്ക് ഈ വാൎത്ത എത്രയും ആനന്ദപ്രദമായിരിക്കും. അവിടന്നു പലപ്പോഴും ആ യഹൂദനെ കൊല്ലുന്നകാര്യം പറഞ്ഞിട്ടുണ്ട്.

(വീരബാഹു പ്രവേശിച്ചു പിതാവിനെ വന്ദിക്കുന്നു.)

വീരബാ:--പ്രിയപിതാവേ, ആജ്ഞാനുവത്തിയായ പുത്രൻ ഇതാ.

രാജാ:— കുമാരാ, ക്രിസ്തുമതം പ്രസംഗിച്ചുനടക്കുന്ന ആ പരദേശിയെ നിഗ്രഹിക്കുവാൻ ഇവിടെ തീർച്ചയാക്കിയിരിക്കുന്നു. എന്നാൽ, വധകത്താക്കളുടെ കൂടെ ഉണ്ണിയും പോകേണമെന്നാണ് ഇവർ ആഗ്രഹിക്കുന്നത്.

വീരബാ:-- ഹാ! ഹാ! ഇതിൽപ്പരം ഉന്മേഷജനകമായ മറെറന്തു പ്രവൃത്തിയാണ് എനിക്കുചെയ്യുവാൻ കഴിയുന്നതു്;

വീരബാഹു ഗാനം.

(ഹിന്ദുസ്ഥാൻ തോടി. ആദി. കാമ് സത്യഭാമ. എ. മ.)

താത, മമധമ്മം—ശത്രുസംഹരണം
ഹരണം—ഹരണം—ഹരണം. (പ്രിയ— താതാ,)
ഫ. ഹിതകരസഹജനെ—മതവിഗതനാക്കിയ
ചതിയനാംമുനി വദ്ധ്യനാം—വദ്ധ്യനാം—വദ്ധ്യനാം.
(പ്രിയതാത)
വ. ദുഷ്ടസംഹാരണം— ശിഷ്ടസംപാലനം
ശ്രേഷ്ഠമെൻ കുലധർമ്മമേ!—ധർമ്മമേ!—ധമ്മമേ!
(പ്രിയ—താത.)

രാജാ:-- (മന്ത്രിമാരോട്) നിങ്ങൾ ഉണ്ണിയെ ഭദ്രമായി സൂക്ഷിച്ചുകൊള്ളുമല്ലോ.

വീരബാ:-- അച്ഛാ, ഇവരാരും കൂടെപ്പോരേണമെന്നില്ല. ഒരു ഭടൻമാത്രം എന്നോടൊന്നിച്ചുണ്ടായിരുന്നാൽ മതി.

രാജാ:-- പുത്രാ, അതു പാടില്ല. ചെറുപ്പംകൊണ്ടുള്ള അവിവേകം നിനക്കു കൂടും. മന്ത്രിമാരും സേനാനായകനും പത്തു ഭടന്മാരും നിന്റെ കൂടെയുണ്ടായിരിക്കട്ടെ.

ശാർങ്ങ:-- മഹാരാജാവേ, കൃത്യം രഹസ്യമായി നട ത്തുവാനുള്ളതിനാൽ അനുയായികൾ കുറച്ചുപേരായിരിക്കുന്നതാണ് ഉത്തമം. രാത്രി സമയവുമല്ലേ. നമ്മുടെ രാജ്യത്തു നമുക്ക് ആരെ ശങ്കിക്കാനാണ്?

രാജാ:— എന്നാൽ, നിങ്ങളെക്കൂടാതെ അഞ്ചുപേരു് പോരട്ടെ

വീരബാ:— എന്തിനച്ഛാ, ഞാൻ മാത്രം മതിയായിരുന്നു. അങ്ങേയ്ക്കു നിർബന്ധമാണെങ്കിൽ രണ്ടു ഭടന്മാർക്കൂടെ പോന്നാൽ മതി.

രാജാ:— കുമാരൻ ശഠിക്കേണ്ടാ. നാം ആജ്ഞാപിക്കുന്നു, മൂന്നു ഭടന്മാരും ശർങ്ഗധരനും കുമാരനും കൂടെ പോകണം.

വീരബാ:— കല്പനപോലെ.

രാജാ: ശാർങ്ഗധരാ,നിന്നന്നെ ഞാൻ സർവ്വഭാരവും ഏല്പിക്കുന്നു. ഉണ്ണിയ്ക്കു വല്ല ആപത്തും നേരിട്ടാൽ—

ശാർങ്ങ:-- അടിയൻ പിന്നെ ജീവനോടെ തിരിച്ചു വരുന്നതാണോ, തിരുമേനീ!

വീരബാ:— എന്നാൽ, അച്ഛൻ എന്നെ അനുഗ്രഹിക്കുക.

(വീരബാഹു രാജാവിൻെറ മുൻപിൽ മുട്ടുകുത്തുന്നു.)

രാജാ:— (കൈ യുയർത്തി അനുഗ്രഹിക്കുന്നു) കൃതകൃത്യനായിത്തിരിച്ചുവന്നാലും. (വീരബാഹുവും ശാർങ്ങധരനും പോകുന്നു.)

രാജാ:— എൻെറ മനസ്സ് വല്ലാതെ പതറുന്നു. എന്തോ അമംഗളശങ്ക എന്നെ പീഡിപ്പിക്കുന്നു. കുമാരൻെറ കാര്യത്തിൽ എനിക്ക് അശേഷം ആശ്വാസമില്ല.

കാർത്തി:-- അവിടന്ന് ആ താടിക്കാരൻ യഹൂദൻെറ കെട്ടുകഥളിൽ മനസ്സു ലയിപ്പിക്കുന്നതുകൊണ്ടാണ് ഇങ്ങനെ

തോന്നുന്നത്. കൊച്ചുതിരുമേനിയുടെ പാദങ്ങളിൽ ഒരു മുള്ളു പോലും കൊള്ളാതെയിരിപ്പാൻ ഞങ്ങൾ സൂക്ഷിച്ചുകൊള്ളുന്നതാണ്.

ചക്രപാണി: — അവിടുന്നു യാതൊന്നും ശങ്കിക്കേണ്ടാ. ആ കള്ള സന്ന്യാസിയ്ക്കു യാതൊരു ദിവ്യശക്തിയുമില്ല. പരദേശത്തട്ടിപ്പു കുറെക്കൂട്ടമെന്നേ ഉള്ളൂ. പക്ഷേ, അതൊന്നും കുന്തമുനയോടു പറവുകയില്ലെന്നു നാളെ നമുക്കറിയാറാകും.

രാജാ:— പരമശിവൻ തന്നേ സഹായം! മതപ്രസക്തികൊണ്ടുകൂടെയാണല്ലോ നാം ഈ ഖലനിഗ്രഹം നിർവ്വഹിക്കുന്നത്.

മധുസൂ:— ഭദ്രകാളിക്ഷേത്രം നശിപ്പിച്ച ആ ദുഷ്ടനെ ആ ദേവിതന്നെ ഉടൽകീറി അവന്റെ രക്തം പാനംചെയ്യുകയില്ലയോ എന്നാരറിഞ്ഞു!

രാജാ:— എന്നാൽ, ഇപ്പോൾ യോഗം പിരിയാം. സായാഹ്ന കർമ്മാനുഷ്ഠാനങ്ങൾക്കു സമയമായിരിക്കുന്നു.

(എല്ലാവരും പോകുന്നു).

(കർട്ടൻ)

രംഗം ൨.

(തോമ്മാമുനിയുടെ ഗുഹ)

(ജഡയും താടിയുമുള്ള തോമ്മാശ്ലീഹാ ഒരു നീണ്ടകുപ്പായം ധരിച്ചും കൈയിൽ ഒരു വടി പിടിച്ചും, ഗുഹയിൽനിന്നു പുറത്തുവരുന്നു; കൈകൾകൂപ്പി ആകാശത്തേയ്ക്കു ദൃഷ്ടികളുയർത്തിനിന്നുകൊണ്ടു പ്രാർത്ഥിക്കുന്നു.)

തോമ്മാശ്ലീഹാ:— ദയാപരനായ ദൈവമേ, വത്സല ഗുരുവായ യേശുവേ, അങ്ങേ പ്രത്യേകകാരുണ്യത്താലും നിയോഗത്താലും, ദുർബ്ബലനും അയോഗ്യനുമായ ഞാൻ എന്റെ

പ്രവൃത്തികളെയെല്ലാം മിക്കവാറും അവസാനിപ്പിച്ചിരിക്കുന്നു. അങ്ങേ വെളിച്ചത്തിൽ ഏതാനും പൗരസ്ത്യജനങ്ങളെ ഞാൻ ശരിയായ മാർഗ്ഗം കാണിച്ച് അങ്ങേപ്പക്കലേക്കു് ആനയിച്ചിട്ടുണ്ട്. അങ്ങേ സത്യമതത്തിന്റെ അടിസ്ഥാനത്തിന്മേൽ പാട്ടുപോലെ ഞാൻ പണിചെയ്തിരിക്കുന്നു. ഈ സഭ എന്നെന്നേയ്ക്കും നിലനില്ക്കുമെന്ന് അങ്ങേ വചനങ്ങളെ ആധാരമാക്കി ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഈ ലോകത്തിൽനിന്നുള്ള എന്റെ വിയോഗം ഇന്നു സംഭവിക്കുമെന്നാണല്ലോ അങ്ങേ കാരുണ്യാതിരേകത്താൽ അവിടുന്ന് എന്നെ അറിയിച്ചിരിക്കുന്നത്. ഹാ! നാഥാ, അങ്ങേ ദിവ്യസാന്നിദ്ധ്യം പ്രാപിക്കുവാനുള്ള ആ ഭാഗ്യപൂർണ്ണമായ നിമിഷങ്ങൾ ഇത്ര സമീപിച്ചിരിക്കുന്നുവെന്നുള്ളതിൽ ഞാൻ എത്രമാത്രം ആനന്ദിക്കുന്നു! ഭൂമിയിലെ ക്ഷണികമാത്രമായ സുഖങ്ങളെ അപേക്ഷിച്ചു സ്വർഗ്ഗത്തിലെ നിത്യമായ സൗഭാഗ്യം എത്ര അവർണ്ണനീയം! മൂഢതയും ദുഷ്ടതയും തഴച്ചുവളരുന്ന ഈ ഭൂമി എത്ര ഗർഹണീയം! അങ്ങേ അയോഗ്യദാസനായ ഇവന്റെ വിനീതമായ പ്രവൃത്തികളെ അനുഗ്രഹിച്ചുകൊണ്ട് അങ്ങുന്നു തന്നെ അങ്ങേ സത്യമതത്തിലേയ്ക്കു വിളിച്ചിട്ടുള്ള ഇന്നാട്ടിലെ ഈ ചെറിയ ആട്ടിൻകൂട്ടത്തെ സ്നേഹൈക്യത്തിലും വിശ്വാസസ്ഥിരതയിലും എന്നെന്നേയ്ക്കും കാത്തുകൊള്ളേണമേ; സനാതനമായ സ്വർഗ്ഗീയ സൗഭാഗ്യത്തിന് ഇവരേയും അർഹരാക്കേണമേ. അവിടുന്ന് അടിയനെക്കൊണ്ട് ആരംഭിപ്പിച്ചിരിക്കുന്ന ഈ പ്രേഷിതവേല ഭാരതത്തിൽ തടസ്സമെന്നിയേ തുടർന്നുകൊണ്ടിരിക്കുവാൻ അവിടുന്നു തിരുമനസ്സാകേണമേ, എന്നുകൂടെ ഈ അവസരത്തിൽ അങ്ങയോടു ഞാൻ പ്രാർത്ഥിക്കുന്നു. ഹാ! യേശുവേ, എന്റെ ആത്മാവ് ഈ ദേഹത്തെ വെടിഞ്ഞ് ഇന്ന് അങ്ങേ സന്നിധിയിൽ വന്നുചേരുമെന്നുള്ള വിചാരം എനിക്ക് എത്ര ആശ്വാസകരം! ഗുരുവേ, അവിടുന്ന് അങ്ങേ മക്കളായ ഞങ്ങളോടുകൂടെ ഈ ഭൂമിയിൽ വസിച്ചിരുന്നകാലത്ത്

ഈ വിനീതനായ എന്നോട് പ്രദർശിപ്പിച്ചിരുന്ന വിശേഷവിധങ്ങളായ സ്നേഹകാരുണ്യങ്ങൾക്ക് എന്നെന്നേയ്ക്കും നന്ദിപ്രകാശിപ്പിക്കുവാൻതന്നെ ഞാൻ അങ്ങേ തൃപ്പാദങ്ങളിലേയ്ക്ക് ഓടിയണയട്ടെ................ പല സന്ദർഭങ്ങളിലും മൗഢ്യത്താലും ധിക്കാരത്താലും അങ്ങേയ്ക്ക് അനിഷ്ടകരമായി ഞാൻ വർത്തിച്ചുപോയിട്ടുണ്ട്. നാഥാ! എൻ്റെ സർവ്വാപരാധങ്ങളും അവിടുന്നു ക്ഷ–മി–ക്കേ–ണ–മേ!......... (കണ്ണീർ പൊഴിച്ചുകൊണ്ട്) വത്സലഗുരോ,..... പ്രിയ ഈശോ,.. ... ഇവൻ്റെ അവസാനനിമിഷത്തിലും അങ്ങേ കൃപാകടാക്ഷം അയയ്ക്കേണമേ..... ഈ.....ശോ.. ...!

(ഇത്രയും പ്രാർത്ഥിച്ചുകൊണ്ടു തോമ്മാശ്ലീഹാ മുട്ടുകുത്തി തലകുനിച്ചു ധ്യാനനിരതനായിനില്ക്കുന്നു. ആയുധധാരികളായ വീരബാഹുവും ശാർങ്ഗധരനും മൂന്നു ഭടന്മാരും അല്പം അകലെയായി ഒരു ഒളിവിൽ നിശ്ശബ്ദം മറഞ്ഞുനിന്നു തോമ്മാശ്ലീഹായെ ഉററുസൂക്ഷിക്കുന്നു. അതിനുശേഷം അവർ ഓരോരുത്തനായി മന്ദം മന്ദം തോമ്മാശ്ലീഹായെ സമീപിക്കുന്നു. തോമ്മാശ്ലീഹായുടെ മുഖത്തു കളിയാടുന്ന ഏതോ ദിവ്യമായ ഒരു തേജസ്സു കണ്ട് അവർ വീണ്ടും പിന്നോക്കം മാറുന്നു. ഒടുവിൽ, വീരബാഹു തോമ്മാശ്ലീഹായുടെ നേരെ ചാടിവീണ് ക്രുദ്ധമായ സ്വരത്തിൽ അലറിക്കൊണ്ട്—)

എടാ! ദുഷ്ടാ ..... എടാ വഞ്ചകാ...... (തോമ്മാശ്ലീഹായെ തള്ളി മറച്ചിട്ടിട്ട്)

(പദ്യം)

അക്രമം പലതു ചെയ്തിരിപ്പു നീ
മുഷ്ക്കൊടേകിയപമാനമീശനും;
വിക്രിയയ്ക്കു വിളയാട്ടമിസ്ഥല—
ത്തൊക്കുകില്ല, കഥ തീർത്തിടുന്നു ഞാൻ.

(കഠാരികൊണ്ടു തോമ്മാശ്ലീഹായുടെ മാറിൽ കുത്തുന്നു.)

തോമ്മാ:— യേശുവേ,..... പ്രിയനാഥാ,..... ഇവരോട്.. ക്ഷമിക്കേണമേ. നാഥാ,..... എന്റെ.... ആത്മാവിനെ അങ്ങു സ്വീകരിക്കുക! ഈ.....ശോ.....! (മരിക്കുന്നു.)

വീരബാ:— (അസഹനീയമായ ക്രോധത്തോടും പരിഹാസത്തോടുംകൂടെ.)

(ഗാന — പപ്പപമഗമ.......എ. മ.)

മരണമിതുവിധം തവ–വരുവതുവിഹിതം!
പരമഭക്തരെ–തുണചെയ്യാത്തനിൻ
'ഉടയതമ്പുരാൻ'–പൂജ്യനോ?-'ഉടയതമ്പുരാൻ'–പൂജ്യനോ?'
എവിടെ, യെവിടേ ദിവ്യശക്തി–കപടമുനിവരാ!
എതിർക്കുവാൻ നിന–ക്കിരിക്കിൽ വൈഭവം,
മരിക്കയോ ഒരു പട്ടിപോൽ!–മരിക്കയോ ഒരു പട്ടിപോൽ!

(തോമ്മാശ്ലീഹായുടെ മൃതശരീരത്തെ കാലുകൊണ്ടു തട്ടുന്നു.)

ശാർങ്ങ:— അതൊക്കെ വെറും കള്ളത്തട്ടിപ്പല്ലായിരുന്നോ! ഇവനു വല്ല ദിവ്യത്വമോ അമാനുഷികത്വമോ ഉണ്ടായിരുന്നെങ്കിൽ കഠാരി തടുത്തുനിറുത്തുവാൻ കഴിയാഞ്ഞതെന്തേ! ഹും! മ്ലേഛൻ! ഇവനാണുപോലും ദിവ്യശക്തിയുള്ളവൻ!

ഭടന്മാർ:—ഇവനോ! ഇവനോ! ദിവ്യശക്തിയുള്ളവൻ!

(പുരുഷവേഷപ്രച്ഛന്നയായി ഏലിയാ പ്രവേശിക്കുന്നു. ചുററും നോക്കിയിട്ട്)

ഏലിയാ:— ഞാൻ ഒരു ഭയങ്കരമായ സ്വരം ശ്രുവിച്ചല്ലോ..

(ഗാനം— ഈശൈന്തശ്ശൂലം. ഏ. മ.)

൧ പ്രശാന്തമാമീ താപസവസതിയി–ലിതുപോലെ –ദൈന്യമാം

ഒരാത്തനാദം കേൾപ്പതിനെന്തു—ഭേവിച്ചീശാ!

൨. വിശുദ്ധനാകും മുനിയെ വിരോധികൾ—ആരാണും, ഖല
ന്മാർ

വിപത്തിലാക്കാൻ കുടിലതകലരും—ശ്രമമാണോ?

(മുനിയുടെ മൃതശരീരം കണ്ടു ഞെട്ടി പിന്നോട്ടു മാറിയ ശേഷം ഘാതകന്മാരെ നോക്കുന്നു.)

ഹാ! ദൈവമേ, ഇതെന്താണു ഞാൻ ഇക്കാണുന്നതു്! ഹാ! ഹാ! ഭയങ്കരം! ഭയങ്കരം! ഈ താപസശ്രേഷ്ഠൻ വധിക്കപ്പെട്ടിരിക്കുന്നു!!

(വീരബാഹുവിനേയും കൂട്ടരേയും നോക്കിയിട്ട്) മഹാപാപികളേ, ഒരു മാസത്തിനുള്ളിൽ നിങ്ങൾ ഘോരമായി ശിക്ഷിക്കപ്പെടും.

വീരബാഹു: (ഗാനം എന്തുപേശ്‌മൂഢാ. എ. മ.)

ആരിതാരെടാ നീ—ശാപവാക്കിതോതാൻ?

ഏലിയാ: ആരുതന്നെയായാൽ-ലാഭമെന്തറിഞ്ഞാൽ?

വീരബാ:—രാജ്യമേതിതെന്നും—ഞാൻ രാജസൂനുവെന്നും

ഓർത്തപിൻപുതാനോ—നിൻ മുഷ്കേഴും പ്രവാദം?

ഏലിയാ:—രാജ്യംനിൻേറതെങ്കിൽ-സാധുവോ അധർമ്മം?

രാജപുത്രനെങ്കിൽ—ചേരുമോ ഇക്കർമ്മം?

വീരബാ: (ഭടന്മാരോട്)

കെട്ടുകരങ്ങൾ ശീഘ്രം,—ദുഷ്ടനിവൻേറ ധാർ
ഷ്ട്യം

പാട്ടിലകലും മട്ടിൽ—ശിക്ഷകഠിനമേകിൻ.

(ഏലിയായെ ബന്ധിച്ചുകൊണ്ടു വീരബാഹുവും അനുയായികളും പോകുന്നു.)

രംഗം ൩.

(കമലാപുരി രാജധാനി.)

(ദുഃഖിതനായ കമലാപുരി രാജാവു പ്രവേശിക്കുന്നു.)

രാജാ:— (ഗാനം—കരുണാസാഗരാ ദൈവമേ. എ. മ)

൧. അഴലേവം വരുവാൻ, നാഥാ—കാരണമായ് ഞാൻ
പിഴചെയ്തെന്ത, ഖിലേശ്വരാ!
പ്രിയമേറും മുനിക്കയ്യോ!—മരണം ദുർജ്ജനം ചേർത്തു;
ധരയിൽ പീഡകളെല്ലാൻ ഗുണികൾവേണമോ, ദേവാ!
(അഴ)

൨. മകളും വേർപിരിഞ്ഞയ്യോ! ഞാൻ—ആശ്രയഹീനൻ
വശമില്ലേ മരുവാൻ, വിഭോ!
കരുണാസാഗരനാണെ—ന്നറിയാതല്ല ഞാനങ്ങെ,
ഹൃദയം താങ്ങിടാഞ്ഞത്രേ—വിലപിക്കുന്നിദം, നാഥാ!

(അഞ്ചലോസ് പ്രവേശിക്കുന്നു.)

അഞ്ചലോസ്:— അവിടന്നു പിന്നെയും വിലപിക്കുകയായിരുന്നുവെന്നു തോന്നുന്നല്ലോ. നാം ക്രിസ്ത്യാനികളാണെന്നുള്ള വസ്തുത മറന്നുപോയോ?

രാജാ:— പ്രിയപ്പെട്ട അഞ്ചലോസേ, ദുഃഖം വരുമ്പോൾ നാലുവഴിക്കുംകൂടെയാണെന്നുള്ള ആപ്തവാക്യം അർത്ഥവത്താണ്.

അഞ്ചലോ:—വന്ദ്യനായ പിതാവേ, ഇമ്മാതിരി സങ്കടങ്ങൾ നമ്മുടെ വിശ്വാസത്തെ സ്ഥൈര്യപ്പെടുത്തുവാനുള്ള ദൈവത്തിന്റെ പരീക്ഷകളാണെന്നല്ലേ നാം വിശ്വസിക്കുന്ന പുതിയമതം നമ്മെ പഠിപ്പിക്കുന്നത്. ജോബിന്റെ പരീക്ഷകളോടു തുലനം ചെയ്താൽ ഈ കഷ്ടതകൾ എത്ര നിസ്സാരങ്ങളാണ്!

രാജാ:— അതേ, നാം ക്രിസ്തുമതത്തിൽ ചേർന്നില്ലായിരുന്നുവെങ്കിൽ ഈ ഘട്ടത്തിൽ എനിക്കു ഭ്രാന്തുപിടിക്കുമായിരുന്നു. എങ്കിലും, നാം ബലഹീനരായ മനുഷ്യരല്ലേ. എനിക്ക്

ഒരിക്കലും പിരിഞ്ഞിരിപ്പാൻ നിവൃത്തിയില്ലാത്ത ആ വന്ദ്യനായ തോമ്മാമുനിയുടെ മരണം ഞാൻ എങ്ങനെയാണു സഹിക്കുക! എൻെറ നിർബന്ധപൂർവ്വകമായ അപേക്ഷകൊണ്ടല്ലെങ്കിൽ, ആ പൂജ്യപുരുഷൻ മററു വല്ലടിക്കിലുംപോയി തൻെറ വാർദ്ധക്യം സമാധാനപരമായി കഴിച്ചുകൂട്ടുമായിരുന്നു.

ആഞ്ചലോ:— അങ്ങനെ വിചാരിക്കുവാനില്ല. ഈ അത്യാഹിതം അന്യരാജ്യത്തായാലും സംഭവിക്കാവുന്നതാണു്. എന്നതന്നെയല്ല, ദൈവപ്രസാദത്താൽ തനിക്കു് ഇന്നപ്പോൾ മരണമുണ്ടാകുമെന്നു് അദ്ദേഹം മുൻകൂട്ടി അറിഞ്ഞിരുന്നതുമാണല്ലോ. ആ വിശുദ്ധൻ ഇപ്പോൾ ദൈവസന്നിധിയിൽ പരമ സുഖം അനുഭവിക്കുകയാണു, തീർച്ചതന്നെ.

രാജാ:— പുത്രാ, എൻെറ ഓമനമകളുടെ വേർപാടു ഞാൻ എങ്ങനെ സഹിക്കും? എനിക്കു് ആണും പെണ്ണുമായി ആ ഒരു സന്താനമല്ലേ ഉള്ളു.

ആഞ്ചലോ:— ഏലിയായുടെ കാര്യത്തിൽ എനിക്കും അനല്പമായ ഖേദമുണ്ടു്. എന്നാൽ, സഹോദരിക്കു് ആപത്തൊന്നും സംഭവിച്ചിരിക്കയില്ലെന്നാണു് എൻെറ പൂർണ്ണവിശ്വാസം. സഹോദരിയുടെ പ്രച്ഛന്നവേഷം യാദൃച്ഛികമായ വിപത്തുകളിൽനിന്നു രക്ഷപെടുന്നതിനു നല്ലൊരുപായമാണു്.

രാജാ:— കുഞ്ഞേ, അവൾ പുരുഷവേഷത്തിൽ സഞ്ചരിച്ചുകൊള്ളുവാൻ ഞാൻ അനുവദിച്ചതാണു് ആപത്തായിപ്പോയതു്. എന്നാൽ, ക്രിസ്തുമതപ്രചരണത്തിന്നായും ആതുരസംരക്ഷണത്തിനായും പുരുഷവേഷത്തിൽ പുറത്തിറങ്ങിനടക്കുവാൻ അനുവദിക്കേണമെന്നു് അവൾ നിർബന്ധപൂർവ്വം അപേക്ഷിച്ചപ്പോൾ, അതിനു് അവളെ അനുവദിക്കുകയല്ലാതെ എനിക്കു ഗത്യന്തരമില്ലായിരുന്നു. ഇപ്പോൾ, ഇതാ, ആ അവിവേകത്തിൻെറ ഫലം ഞാൻ അനുഭവിച്ചു തുടങ്ങുന്നു.

ആഞ്ചലോ:— ഇല്ലച്ഛാ, അങ്ങനെ ഖേദിക്കേണ്ടതില്ല. സഹോദരി സുഖമായിത്തിരിച്ചുവരും. അന്വേഷിച്ചുപോ

യിരിക്കുന്നവർ നിരാശരായി മടങ്ങുന്നപക്ഷം ഞാൻതന്നെ പുറപ്പെടുന്നുണ്ട്.

രാജാ: അതുവേണ്ടാ; എൻെറ മകളെക്കഴിഞ്ഞാൽ എൻെറ ദത്തുപുത്രനായ നീ മാത്രമാണ് എനിക്കുള്ള ഏകാശ്രയം. നിനക്കും വല്ലതും അപകടം സംഭവിക്കുകയാണെങ്കിൽ, പിന്നെ ഞാൻ ജീവനോടെയിരുന്നിട്ട് എന്തുഫലം?

ആഞ്ചലോ:— അങ്ങനെ കരുതേണ്ടാ. എനിക്ക് അപത്തൊന്നും നേരിടുകയില്ല. ഞാൻ സഹോദരിയെ കൂട്ടിക്കൊണ്ടു തിരിച്ചു വരുകതന്നെചെയ്യും.

രാജാ:— നീ എവിടെയാണ് അവളെ അന്വേഷിക്കുവാൻപോകുന്നത്?

ആഞ്ചലോ:— കല്യാപുരി രാജധാനിയിൽ.

രാജാ:— അതു കൂടുതൽ ആപൽകരമാണല്ലോ. നീ ക്രിസ്തുമതം സ്വീകരിച്ചതിനാൽ നിൻെറ പിതാവായ രാജാവു നിന്നെ നാടുകടത്തിയിരിക്കയാണല്ലോ. വീണ്ടും ചെന്നാൽ അവർ നിന്നെ പിടിച്ചു തടവിലാക്കിയാലോ?

ആഞ്ചലോ:— ഞാനും വേഷപ്രച്ഛന്നനായി സഞ്ചരിക്കുവാനാണു കരുതുന്നത്. എൻെറ പിതാവും സഹോദരനും എൻെറ കൃത്രിമവേഷം ഒരുപക്ഷേ കണ്ടുപിടിച്ചാൽത്തന്നേയും, അവർക്ക് ആന്തരികമായി എന്നോടു സ്നേഹമുള്ളതുകൊണ്ടു കഠിനശിക്ഷകളൊന്നും അനുഭവിക്കേണ്ടിവരികയില്ല. പോരെങ്കിൽ, കാവൽക്കാർക്കും രാജധാനിയിലേ മററു ഭൃത്യന്മാർക്കും, ഞാൻ കണ്ണിലുണ്ണിയാണ്; ഞാൻ ഇപ്പോൾ രാജ്യഭ്രഷ്ടനാണെങ്കിലും, ആവശ്യപ്പെട്ടാൽ എനിക്കുവേണ്ടി ജീവൻ വെടിയുന്നതിനുപോലും അവർ മടിക്കുകയില്ല.

രാജാ:— എന്നാൽ, കുമാരി അവിടെയുണ്ടെന്ന് എന്താണ് നിശ്ചയം?

ആഞ്ചലോ: തോമ്മാമുനിയെ വധിച്ചതും, സഹോദരിയെ തടഞ്ഞതും എൻെറ പിതാവിൻെറ സേവകന്മാരായി

രിക്കാനേ തരമുള്ളു. അച്ഛനും മററും ക്രിസ്തുമതത്തോടു വള രെ അവജ്ഞയാണ്. പിതാവിൻെറ മാനസാന്തരത്തിനായി ഞാൻ എന്നും പ്രാത്ഥിക്കുന്നുണ്ട്.

രാജാ:— കുഞ്ഞേ, ഏതായാലും, നിന്നെ ഇതിന് അ നുവദിക്കുവാൻ എനിക്കു മനസ്സുവരുന്നില്ല. നീയും എന്നെ പി രിയുകയെന്നുള്ളതു് എനിക്ക് അത്യന്തം ദുസ്സഹമായിത്തോന്നു ന്നു. തോമ്മാമുനി തൻെറ പ്രതിപുരുഷനായിക്കൂടെയാണു നി ന്നെ എനിക്കു തന്നിട്ടുള്ളതു്.

ആഞ്ജു:— അച്ഛൻ ഒന്നുകൊണ്ടും ചഞ്ചലനാകേ ണ്ടാ. ആ വിശുദ്ധൻതന്നേ എൻെറ ഉദ്യമങ്ങളിൽ എനിക്കു തുണയുണ്ട്. ഏലിയായെക്കുറിച്ചും അങ്ങുന്ന് ആകുലചിത്ത നാകേണ്ടാ. ആ പുരുഷവേഷം അവൾക്കൊരു രക്ഷാകവചമാ ണെന്നു വിചാരിച്ചാൽ മതി.

രാജാ:— ഹാ! . . . എല്ലാം ഈശ്വരനിശ്ചയംപോലെ സംഭവിക്കട്ടെ. ഇപ്പോൾ നമുക്ക് ഒരു ദൈവസ്തോത്രം പാടാം.

(രാജാവും ആഞ്ചലോസും)

(ഗാനം)

(കേദാരഗൗളം-രൂപകം രാമനാമമേ ഭൈവ് ക. എ. മ)

യേശുനായകാ,—മാമക—ജീവദായകാ,
അവികലശുഭകര! (യേശു)

(അനുപല്ലവി.)

ക്ലേശനാശകാ,—നാഥാ, സ്തോത്രം;
ക്രൂശിതാ,—ശ്രീയുത—വ്രണനിണഭൂഷിതാ! (യേശു)

(ചരണങ്ങൾ)

൧ മർത്ത്യകുലത്തിന്നു സദ്ഗതിപ്രാപ്തി നല്കാൻ
പൃഥ്വീതലേ പുല്ക്കൂടിലിൽ കുതുകാൽ

മത്ത്യനായവതീൎണ്ണനായ–
സംസ്തുതൻ–ക്രിസ്തുദേവ,–സ്തുതിതവ സതതവും(യേശു)
൨ നിൻതിരുത്തോളിലൊരു കുരിശേന്തി,
അന്ത്യകണം നിണംപോലും നീ ചിന്തി,
ആന്ധ്യമകററി,യനശ്വര ശാന്തി
നരതതി–ക്കരുളിയ–നിരുപമ ശുഭകരാ! (യേശു)
൩ ഭൂലോകപാപമാകെ സംഹരിച്ചു,
ത്രിലോകവും പരിചോടു ഭരിച്ചു,
ചേലോടു സ്നേഹകിരീടം ധരിച്ചു,
വാനിടെ-വാണിടും-അജസുതാ! ജയ! ജയ! (യേശു)

(കർട്ടൻ)

രംഗം ൪.

(കല്യാപുരി രാജധാനി.)

(വികൃതവേഷധാരിയായി വലിയൊരു മരക്കൊമ്പും ഒരു തുണിക്കെട്ടും കൈയിൽ പിടിച്ചുകൊണ്ടു ചാടിത്തുള്ളി ഒരു ഭ്രാന്തൻ പ്രവേശിക്കുന്നു.)

ഭ്രാന്തൻ:— (ഗാനം).

കല്ലായികടവത്തു–കല്ലിൻെറ മുനമ്പത്തു
കാതൃകാക്കായുടെ തോണി–ളും–ളും–ളും.

ഹും–അതുപോട്ട്– തൊണ്ടതെളിച്ചിട്ടല്ലേ പാട്ട്–അതു കൊണ്ടു ശപ്തശ്വരം ചൊല്ലാം:

സാ–റി–മ–ഗ–ച–ഞ–ട–ണ–ഇ–ക്ഷാ....

ഹേയ്!– ഇപ്പോഴാണു സൊരം വന്നതു്. ഇനി കേട്ടുകോ കീൎത്തനം!

(ഗാനം)

രമണീ സമ്മാനമേ-ബാരോ....

പാ-താ-പീ-ഗണ-പതോം.—പതോം (രമണി)

(കാലുംപൊക്കി മറിഞ്ഞുവീഴുന്നു. വീണ്ടും എഴുന്നേററിട്ട്)

അംഭംഭടാ, രാഭണാ—അത്ര്യസ്ലായോടാ. (കോപത്തോടെ തട്ടിന്മേൽ ചവിട്ടുന്നു.) എന്തായെടാ ഇപ്പം. പാട്ടിന്നു കിടന്നില്ലേ—ഇതാണ് ആണുങ്ങളോടു കളിച്ചാൽ. നീ പിച്ചന്മാരെയല്ലാതെ കണ്ടിട്ടുണ്ടോടാ, മൂടാ! എന്നാലൊരു ഓട്ടന്തുള്ളലുകണ്ടുകോ. മര്യാദിക്കിരുന്നു കണ്ടില്ലേ പഞ്ചസാര വാരി നാക്കേലെറിയുമെന്നു ഓർത്തുകോ. എന്തിനെടാ പല്ലിളിക്കുന്നതു്.

(ഓട്ടംതുള്ളൽ—പാട്ടിനൊത്തു നൃത്തംചെയ്തുകൊണ്ടു്.)

"വണ്ടിയടിക്കും കണ്ടച്ചാരും,
ഉണ്ടാസെഴുത്തുമൊരെജമാനനും,
രണ്ടുംകൂടെക്കള്ളുകുടിച്ചി—
ട്ടുണ്ടായോരു ഹ:മുരചെയ്തീടാം;
കണ്ടച്ചാരുടെ കരണക്കുററി—
ക്കൊരു പ്രഹരം നമ്മുടെ യജമാനൻ;
കണ്ടച്ചാരു കടന്നുപിടിച്ചു,
മലർത്തിയടിച്ചെജമാനനെ വേഗം,
നെഞ്ചിനു കാ:ിൽ മുട്ടുമുറപ്പി—
ച്ചുടനടി മൂക്കു കടിച്ചുപറിച്ചു.

(അരമനയിലേ ഒരു സേവകൻ പ്രവേശിക്കുന്നു.)

സേവകൻ:— എടെടാ, ഇവനാരെടാ!—നീ എന്തിനിവിടെ വന്നു? എടാ,

ഭ്രാന്തൻ:-- (പാട്ടു്)

ആരുംകേറാമൽ—ഓണംകേറാമൽ,
തൃക്കാമരം പൂത്തു—പൂവിരിഞ്ഞേ—
പൂവിരിഞ്ഞേ—പൂവിരിഞ്ഞേ.

സേവകൻ:— എടാ, ഇറങ്ങിപ്പോടാ.

ഭ്രാന്തൻ:— (പാട്ടു്)

വേളിമലയിലേ പോകാതുങ്കെ—അങ്കേ
ആളിനെത്തിന്നുന്ന പൂതമുണ്ടേ—പൂതമുണ്ടേ.

സേവ: - എടാ, പോകാനല്ലേ പറഞ്ഞതു്.

ഭ്രാന്തൻ:— (പാട്ടു്)

അട്ടക്കും മാട്ടക്കും രണ്ടുകൊമ്പു—പിന്നെ—
(സേവകന്റെ നേരെ) അയ്യങ്കാർ സാമിക്കു—മൂന്നുകൊമ്പു.

സേവ:— എടാ, എഴുന്നള്ളത്തിനു സമയമായി. നീ വേഗം പോയില്ലെങ്കിൽ, നിന്റെ തല പോകും.

ഭ്രാന്തൻ:— (ഭാണ്ഡത്തിൽനിന്നു് ഒരു പണക്കിഴി എടുത്തു സേവകന്റെ നേരെ എറിഞ്ഞിട്ടു്.) എടാ, എനിക്കുറക്കം വരണെടാ; ഒരു ചപ്രമഞ്ചം കൊണ്ടുവാ.

സേവ:— (പണക്കിഴി തുറന്നുനോക്കി സന്തോഷിച്ചിട്ടു്) നീ ശബ്ദമുണ്ടാക്കുകയില്ലെങ്കിൽ ആ മൂലയ്ക്കു ചുരുണ്ടുകൂടിക്കിടന്നുകൊള്ളൂ. മഹാരാജാവു് നിന്നെക്കണ്ടുപോയാൽ, നിന്റേയും എന്റേയും കഥ കഴിയും.

ഭ്രാന്തൻ:— (ഒരു മൂലയ്ക്കുകിടക്കുന്നു) എടൂ, ഒരുതാരാട്ടുപാടി എന്നെ ഒന്നൊറക്കെടാ... രോ രോ രോ. ... രോംരോ രോ . . . .ഉണ്ണിയുറങ്ങുണ്ണീ—യെന്റെ കണ്ണിന്നു കർപ്പൂരമുണ്ണീ... രോ രോ രോ....

സേവകൻ:— (ഒരു തുണികൊണ്ടു ഭ്രാന്തനെ മൂടുന്നു.) ഇവൻ ഉറങ്ങിയതു നന്നായി. (പണക്കിഴി അഴിച്ചിട്ടു്) ഇതിൽ സ്വർണ്ണനാണയങ്ങൾ കുറേയുണ്ടല്ലോ. ഈ ഭ്രാന്തനു് ഇവ എവിടെ കിട്ടി! ഹാ! നമ്മുടെ വ്യാഴദശയെന്നു പറഞ്ഞാൽ മതിയല്ലോ! മഹാരാജാവു തിരുമനസ്സുകൊണ്ടു എഴുന്നള്ളുമ്പോൾ ഇവൻ ഉണരാതിരുന്നാൽ മതി. ഇതാ, തിരുമേനി എഴുന്നള്ളുന്നു. (ഭ്രാന്തനെ നല്ലവണ്ണം മൂടിപ്പുതപ്പിക്കുന്നു. ഭ്രാന്തനെ മറഞ്ഞുനില്ക്കുന്നു.)

(കല്യാപുരി രാജാവു പ്രവേശിക്കുന്നു)

രാജാ:— സേവകാ, മന്ത്രി ശാർങ്ഗധരനെ ഇങ്ങു വിളിക്കൂ.

ഭേസവ:— കല്പനപോലെ. (മന്ത്രിയെക്കൂട്ടിക്കൊണ്ടുവരുന്നു.)

രാജാ:— (മന്ത്രിയോട്) ആ തടവുകാരനെ ഞാൻ വരുത്തി ചോദ്യം ചെയ്യുകയുണ്ടായി. അവൻ കമലാപുരിരാജാവിൻെറ വളൎത്തുപുത്രൻ ആണെന്നും, പേരു ഏലിയായെന്നാണെന്നും പറയുന്നു.

ശാൎങ്ങ:— അങ്ങനെയോ! എന്നാൽ വിശേഷമായി.... പേരു ഒരു സ്ത്രീയുടേതുപോലെയിരിക്കുന്നുവല്ലോ.

രാജാ:— പരദേശമതത്തിനു ആണും പെണ്ണും ഉണ്ടോ? എൻെറ അഭിപ്രായത്തിൽ, അവനു ദിവ്യത്വം യാതൊന്നുമില്ല. ആകയാൽ, അവൻെറ ശാപം കുമാരനു ദോഷമൊന്നും ചെയ്യുകയില്ല. മുനിയുടെ വധം കണ്ടു പരിഭ്രാന്തചിത്തനായി അപ്രകാരം ഉച്ചരിച്ചുപോയി, എന്നാണു അവൻ പറയുന്നതു്.

ശാൎങ്ങ:— അപ്രകാരമേ വരികയുള്ളു. മുനിക്കില്ലാത്ത ശക്തിയാണോ അവൻെറ അനുഗാമികൾക്കുണ്ടാകുന്നതു്?

രാജാ:— നാം ആ തടവുകാരനെ എന്തുചെയ്യേണം?

ശാൎങ്ങ:— വിട്ടയക്കുന്നതു് ആപൽകരമാണെന്നാണു് അടിയൻെറ അഭിപ്രായം. സന്ന്യാസിയെ വധിച്ചതു് അവൻ മാത്രമേ അറിഞ്ഞിട്ടുള്ളു. കമലാപുരി രാജാവിൻെ വളൎത്തുപുത്രനെ തടവിലിട്ടെന്നറിഞ്ഞാൽ ആ രാജാവും, ക്രിസ്തുമതം തന്നെ സ്വീകരിച്ചിരിക്കുന്ന മന്ധരനൃപനുംകൂടെ നമ്മോടു യുദ്ധത്തിനു പുറപ്പെടാതിരിക്കുകയില്ല. ആകയാൽ, അവനെ തടവിൽത്തന്നെ താമസിപ്പിക്കുകയോ, ഗൂഢമായി വധിച്ചുകളയുകയോ ചെയ്യേണം.

രാജാ:— ഏതായാലും, ഉടനെ കൊല്ലേണ്ടാ. അവൻെറ സംസാരം കേട്ടതിൽ, മതസംബന്ധമായി അവനു വളരെ ജ്ഞാനമുണ്ടെന്നു തോന്നുന്നു. ഹിന്തുമതതത്വങ്ങളെ ഖണ്ഡിക്കുവാനുള്ള അവൻെറ യുക്തികൾ എന്നെ അത്യധികം

വിസ്മയിപ്പിച്ചു. ഇവിടെക്കിടക്കുന്ന കാലത്തോളം നമുക്കിഷ്ടമുള്ളപ്പോൾ അവൻെറ കഥ കഴിക്കാമല്ലോ

(ഭ്രാന്തൻ ചാടിയെഴുന്നേററു് ഉറക്കെച്ചിരിക്കുന്നു. സേവകൻ പരിഭ്രമിച്ചു് അങ്ങുമിങ്ങും നോക്കുന്നു.)

രാജാ:— അതെന്തു്? എന്താണു് അവിടെ കേൾക്കുന്നതു്?

ശാർങ്ങ:— രാജസദസ്സിനെ അപമാനിക്കുന്നതു് ആരാണു്?

സേവ:— സ്വാമീ, എവിടെനിന്നോ ഇങ്ങോട്ടു് ഓടിക്കയറിവന്ന ഒരു ഭ്രാന്തനാണിവൻ.

ശാർങ്ങ:— അവനെപ്പിടിച്ചു പുറത്തുകൊണ്ടുപോകുക.

ഭ്രാന്തൻ:— (പാട്ടു്)

വാടാ, നരകീടാ, ധരയിലെമൂഢാ, നിന്നുടെ കല്യാണം!
പോടാ,യിനിയുർ്യാടാ,കളരിയിലാടാ മാരണകണ്ഠാരം
കാടാ, കരടികളോടാ, കുറുനരിതേടാ, യിവിടെ വരാ -
ണോടാ.
സോഡാ കാശിന്നതാടാ, ലഹരിയിലാടാനുള്ളൊരു
ചാരായം,

(സേവകൻ ഭ്രാന്തനെ ഉന്തിത്തള്ളിക്കൊണ്ടുപോകുന്നു.)

രാജാ:—ആകയാൽ, അവൻ കുറേനാൾകൂടെ തടവിൽ കിടക്കട്ടെ.

ശാർങ്ങ:— അതേ, തിരുമേനീ, അനന്തരകൃത്യം യഥാവസരമാകാം.

(കർട്ടൻ.)

രംഗം ൯.

(കാരാഗൃഹം.)

(വാളുംപിടിച്ചു നില്ക്കുന്ന കർട്ടമൻ എന്ന പാറാവുകാരനും, ജയിലിൽ ഏലിയായും, പ്രത്യക്ഷമാകുന്നു.)

ഏലിയാ: – (ഗാനം— പത്തിനികർണ്ണകയേ എ. മ.)

൧ കാരാഗാരാധിവാസം—പാരിൽ
ഘോരാരാമയകാരണം;
നാരകദാരുണ പീഡകളോർക്കുകിൽ
ലഘുതരമീവ്യഥകൾ.

൨ കല്മഷനാശകനാ—യുള്ള
ചിന്മയനേശുനാഥാ!
നിൻമൃദുവാം തിരുമേനി വഹിച്ചോരു
പീഡകൾ ഞാൻ സ്മരിപ്പൻ.

ഹാ! ദൈവമേ, എന്റെ പ്രിയപിതാവിന്റെ അവസ്ഥ ഇപ്പോൾ എന്തായിരിക്കും! ആപ്തമിത്രവും ആത്മീയനേതാവുമായ തോമ്മാമുനിയുടെ മരണവാർത്ത തന്നെ അച്ഛന്റെ ഹൃദയത്തെ തകർത്തുകാണും. അതോടുകൂടെ, ഏകസന്താനമായ എന്നേയും കാണാതെയായതിനാൽ അദ്ദേഹം എത്രമാത്രം ദു:ഖിക്കുന്നുണ്ടാകും! പരജനോപകാരം ചെയ്വാൻ സൗകര്യമില്ലല്ലോ എന്നുള്ള മനസ്താപമല്ലാതെ ഇക്കാരാഗൃഹ ദുരിതങ്ങളും, ഇതിനെത്തുടർന്നുണ്ടാകുന്ന പീഡകളും, മരണംതന്നെയും, ഞാൻ കാര്യമായിക്കരുതിയിട്ടില്ല. എന്റെ പ്രിയ സഹോദരനായ ആഞ്ചലോസ് എന്നെ അന്വേഷിച്ചു പുറപ്പെടാതിരിക്കയില്ല. അദ്ദേഹം എന്നെ ഇവിടെനിന്നു മോചിക്കുവാൻ ശ്രമിക്കുമെന്നുള്ളതു തീർച്ചയാണു്. ജഗന്നിയന്താവേ, ആ ഉദ്യമത്തിൽ അദ്ദേഹത്തിനു് ആപത്തൊന്നും ഉണ്ടാകാതെ കാത്തുകൊള്ളേണമേ. വേദസാക്ഷിമുടിചൂടിയിരിക്കുന്ന വിശുദ്ധ തോമ്മായേ, ഞങ്ങൾക്കുവേണ്ടി ഈശോയോടു പ്രാർത്ഥിക്കേണമേ...,

ഹാ! എനിക്ക് അസാമാന്യമായ ക്ഷീണം തോന്നുന്നു; ശരിയായ ആഹാരം ഇല്ലാത്തതിനാലായിരിക്കാം..... സമയം അർദ്ധരാത്രിയായിട്ടുണ്ട്. ഈ തറയിൽത്തന്നെ കിടന്ന് അല്പമൊന്നുറങ്ങട്ടേ. അതിനുമുൻപായി പതിവുള്ള പ്രാർത്ഥന നടത്താം.

(ഗാനം— ഹരിമാധവനേ. എ. മ.)

വരദായകനേ,—യേശുനായകനേ,
കരുണാലയനേ,—പരിപാലയ മാം. (വര.)
൧ പാവനമോഹനപാദപങ്കജാ,—പര-
മാനന്ദദായകാ, സ്നേഹാധിരാജാ,
പര-ലോകനായകാ,—പര-മേശ്വരാത്മജാ. (വര.)
൨ മാമകമാനസേ വാഴുകനാഥാ,-തവ-
മാധുര്യമേറിന സ്നേഹവരം താ,
ഹൃദി—മാലിന്യംനീക്കി,-മമ-മാല്യകം പോക്കി (വര.)
൩ ഭാവുകപൂർണ്ണമാം തവ ഭരണം—ഇവം
ഭാരതഭൂമിയിലെങ്ങും വരണം;
ഭവ-ദീയഭരണം ഭവ-ശോക ഹരണം. (വര.)

(കിടന്നുറങ്ങുന്നു.)

(ബലഭദ്രൻ എന്നുപേരായ മറെറാരു പാറാവുകാരൻ പ്രവേശിക്കുന്നു.)

ബലഭദ്രൻ:— എന്താ ചങ്ങാതീ, നിന്നുനിന്നു മരവിച്ചായിരിക്കാം! ഇല്ലേ?

കർദ്ദമൻ:— എന്തിനു മരവിക്കുന്നു. നമുക്കിതു നിത്യത്തൊഴിലഭ്യാസമല്ലേ.

ബല:— എന്നാലിനി ചങ്ങാതിയ്ക്കു പോയി കിടന്നുറങ്ങാമല്ലോ. ഞാൻ അല്ലേ കണ്ണുമ്മിഴിച്ചു വെളുപ്പാങ്കാലംവരെ ഇവിടെ നില്ക്കുവാനുള്ളതു്.

കർദ്ദ:— എന്തിനു പറയണം! നമ്മുടെ തലയിൽ വരച്ചിരിക്കുന്നതു പാറക്കോല്യകൊണ്ടാണു്.

ബല:— അതു് എനിക്കും തോന്നീട്ടുണ്ടു്. ആ കൊച്ചുതിരുമേനിയെ ഇവിടെനിന്നു് ഓടിച്ചുകളയാതിരുന്നെങ്കിൽ നമുക്കെന്തു രക്ഷയായിരുന്നു!

കർത്ത:— ആരുടെ കാര്യമാണു പറയുന്നതു്?

ബല:— ഓ! ഇയ്യാൾ ഈ നാട്ടുകാരനല്ലായിരിക്കാം! ക്രിസ്തുമതത്തിൽ ചേർന്നതിനു മഹാരാജാവു് ഓടിച്ചുകളഞ്ഞതു് ആരെയാണു്?

കർത്ത:— ങ് ആ! ഇളേരാജാവോ? ഹാ! അദ്ദേഹമുണ്ടായിരുന്നെങ്കിൽ മണിക്കൂറിനു മണിക്കൂറിനു പാറാവു മാറാൻ ചട്ടം വെച്ചേനേ. ജോലിക്കാർക്കു് അതെന്തൊരു രക്ഷയാണു്.

ബല:— അതുതന്നെയാ! നമുക്കിപ്പം ശമ്പളം എത്ര കേറിപ്പോയേനേ. ഇന്നും അദ്ദേഹത്തിനുവേണ്ടി പ്രാണൻ കളയാനും ഞാൻ തയ്യാറാണു്.

കർത്ത:— പിന്നെ, ഞാനോ!

ബല:— (അല്പം അകലെ നോക്കിപ്പരിഭ്രമിച്ചുകൊണ്ടു്,) ഇതാരാണു്, ഒരു കരിമാക്കാൻ ഇങ്ങോട്ടു വരുന്നതു്?

കർത്ത:— അല്ലല്ല! ഇന്നു കൊട്ടാരത്തിൽ ഓടിക്കയറിയ ആ പിച്ചനല്ലേ. നേരമ്പോക്കിനു വകയായി.

ബല:— എടാ—എടാ— ഇങ്ങോട്ടുവാ. നിൻെറ പാട്ടും കളീം ഒന്നു കാണട്ടെ.

(പഴയവേഷത്തിൽ ഭ്രാന്തൻ പ്രവേശിക്കുന്നു.)

ഭ്രാന്തൻ: — (പാട്ടു്.)

കപ്പലുമാങ്ങാവട്ടംചെത്തി—ത്തേനിലുമുക്കിത്താ,
ഓട്ടപ്പം കൊയലപ്പം മോരുമോനുക്കു്.
ഓടിയോടിവരും കപ്പലിലെന്തെല്ലാം ചരക്കുണ്ടു്;
ആനമൊട്ടേം— കുതിരമൊട്ടേം—കുതിരക്കൊമ്പും
അപ്പൂപ്പൻ താടിയും ഉണ്ടല്ലോ!

കർത്ത:— എടാ, നീ കണ്ടവർക്കൊക്കെ പണം വാരി ക്കൊടുത്തില്ലേ, ഇനി കൈയിൽ വല്ലതുമുണ്ടോ?

ഭ്രാന്ത:— (ആത്മഗതം) ഭാഗ്യമായി—എൻെറ പരി ചിതന്മാരായ പാറാവുകാർ തന്നേയാണല്ലോ ഇവർ. (സഗൗര വം—പ്രകാശം) ആരിതു്—ബലഭദ്രനോ! മറേറതു്, ഹാ! ഹാ! കർത്തമൻ! കൊള്ളാം നിങ്ങളെ രണ്ടുപേരേയും കാണുവാൻ ഇ ടയായതിൽ ഞാൻ സന്തോഷിക്കുന്നു.

ബല:— എടാ! നീ ഞങ്ങളുടെ പേരു് പഠിച്ചതെങ്ങ നെയാടാ. നിൻെറ ദിക്കേതു്?

ഭ്രാന്ത:— (ശാന്തതയോടും പുഞ്ചിരിയോടുംകൂടെ) എ ന്നാൽ, ഞാൻ ഭ്രാന്തനുംമററുമല്ല; നിങ്ങൾക്കു് ഏററം പരി ചിതനായ ഒരാളാണു ഞാൻ. എൻെറ സാക്ഷാൽ രൂപം കാ ണേണമോ?

(ഭ്രാന്തൻ വേഷം മാറുന്നു; സാക്ഷാൽ ആഞ്ചലോസ് പ്രത്യക്ഷനാകുന്നു.)

ആഞ്ച:— (ഗാനം-മധുരയ്ക്കുപോകാവേണം, എ. മ.)

കണ്ടാലറിഞ്ഞീടുമോ,—കണ്ടിതനായുള്ളോരെന്നെ?
വേണ്ടാ സന്ദേഹം, നിങ്ങൾ—ക്കിണ്ടലേതും വേണ്ടാ,
വേണ്ടാ

(പാറാവുകാർ രണ്ടുപേരും കാല്ക്കൽ വീണു് ആഞ്ച ലോസിനെ നമസ്കരിക്കുന്നു.)

കർത്ത:— പൊന്നുതിരുമേനീ, അടിയങ്ങൾ ആളറിയാ തെ പറഞ്ഞുപോയതെല്ലാം ക്ഷമിക്കേണമേ!

ബല:— ഉടയനേ, ഞങ്ങൾ ഇതേവരെ അവിടുത്തെക്കാ ര്യം പറഞ്ഞുകൊണ്ടാണിരുന്നതു്.

ആഞ്ച:— എൻെറനേർക്കുള്ള സ്നേഹം എൻെറ അ ജ്ഞാതവാസകാലത്തും നിങ്ങൾ ഉപേക്ഷിച്ചിട്ടില്ലെന്നു എനിക്കു

മനസ്സിലായി. എനിക്കിവിടെ പരസ്യമായി സഞ്ചരിച്ചുകൂടാ എന്നു നിങ്ങൾക്കറിയാമല്ലോ. സമയമില്ല—പെട്ടെന്നു് ഒരു കാര്യം സാധിക്കേണ്ടിയിരിക്കുന്നു.

കർട്ട:— അങ്ങേയ്ക്കുവേണ്ടി ജീവൻ കളയാൻപോലും ഞങ്ങൾ തയ്യാറാണു്.

ബല:— അവിടുന്നു് എന്തെങ്കിലും കല്പിച്ചുകൊള്ളുക. അടിയങ്ങൾ അതു് ഉടനെ ചെയ്തുകൊള്ളാം.

ആഞ്ച:— മറെറാന്നും വേണ്ടാ—ഈ ജെയിലിൽ കിടക്കുന്ന സ്ത്രീ..... അല്ല..... ആളിനെ എന്റെകൂടെ അയക്കണം. മനസ്സാണോ?

കർട്ട:— അതിനു തടസ്സമില്ല.— പക്ഷേ, നേരം വെളുക്കുമ്പോൾ അടിയങ്ങൾ കഴുവേൽ തൂങ്ങാതിരിക്കുന്നതിനുവേണ്ടി എന്തെങ്കിലുമൊരുപായം കൂടെ അവിടുന്നു ഞങ്ങൾക്കു പറഞ്ഞുതരേണം.

ബല:— ഞങ്ങളെക്കൂടെ കൊണ്ടുപോയാൽമതി.

ആഞ്ച: അതിനു മാർഗ്ഗം ഞാൻ കണ്ടിട്ടുണ്ടു്. നിങ്ങൾ രണ്ടുപേരും ഇപ്പോൾതന്നെ എന്റെകൂടെ പോരേണം. ഈ തടവുകാരൻ കമലാപുരിരാജാവിന്റെ ഏകസന്താനമാണു്. ഞാനും ആ രാജധാനിയിലാണു താമസിക്കുന്നതു്. നിങ്ങൾക്കു രണ്ടുപേർക്കും അവിടെ ഇതിലും നല്ല ഉദ്യോഗങ്ങൾ ഞാൻ തരുവിക്കാം.

കർട്ട:— നല്ല ആലോചന. എന്നാൽ, അങ്ങനെതന്നെ ചെയ്യാം.

ബല:— തിരുമേനിയോടുകൂടെ ഏതു ഗുഹയിൽത്താമസിക്കാനും ഞങ്ങൾക്കു സന്തോഷമാണു്.

ആഞ്ച:— വാതിൽ തുറക്കുക.

(കർട്ടമൻ വാതിൽ തുറക്കുന്നു. ആഞ്ചലോസ് ജയിലിൽ പ്രവേശിക്കുന്നു.)

ആഞ്ച:— (ആത്മഗതം) ആ! ഹാ! സഹോദരി നല്ല ഉറക്കമാണല്ലോ. മെല്ലെ ഉണർത്താം. (പ്രകാശം.)

(ഗാനം— മൈത്തോരിത്തോര് ബയ്യാ, എ. മ.)

രാജീവലോചനേ, സൽ-ബാലേ, നൃപതനയേ,
ഖേദം കളഞ്ഞുടനെൻ സോ—ദ—രീ!
ഉണരുക—ഉണരുക—പികവാണീ!

(കൈകൊണ്ടു തട്ടി ഉണർത്തുന്നു. ഏലിയാ എഴുന്നേററിരുന്നു സംഭ്രമത്തോടെ,)

ഏലിയാ:— ഹാ! ദൈവമേ! ഇതാരാണ്? (എഴുന്നേററുനില്ക്കുന്നു)

ആഞ്ച:— (ഗാനം— ടി. മട്ട്.)

വീതവിശങ്കമെന്നെ—ഭ്രാതാവായ് ത്തന്നെകാണ്ക,
ശ്രീതാവും തോമ്മാമുനി—ആലം—ബം.
പോകണം—പോകണം—നാമുടനെ (രാജീവ.)

ഏലിയാ:— (ഗാനം— ടി. മട്ട്.)

ദൈവ വിലാസം ഭുവി—യാരുണ്ടറിഞ്ഞിടുന്നു!
സേവകർക്കാമയം—നല്കീ—ടു—മോ?

പ്രിയ സോദരാ, നിരോധിക്കപ്പെട്ടിരിക്കുന്ന ഇസ്ഥലത്ത് അവിടുന്നു നിർബാധം കടന്നുവന്നതെങ്ങനെയാണ്?

ആഞ്ച:— സഹോദരീ, അതു തൽകാലം വിസ്തരിച്ചു പറവാൻ സമയമില്ല. ഈ കാവൽക്കാർ വിശ്വസ്തന്മാരാണ്. പോരെങ്കിൽ, തോമ്മാമുനിയുടെ സഹായവും നമുക്കുണ്ട്. നാം ഉൾക്കോട്ട കടന്നു രക്ഷപെടണം. വരുക—

(ഏലിയായും, ആഞ്ചലോസും, കർമ്മദനും, ബലഭദ്രനും പോകുന്നു.)

(കർട്ടൻ)

രംഗം. ൩.

(കമലാപുരി രാജധാനി.)

(രാജാവും, പുരുഷവേഷത്തിൽ ഏലിയായും, അഞ്ചലോസും, കൎമ്മനും, ബലഭദ്രനും പ്രത്യക്ഷമാകുന്നു.)

അഞ്ച:— മഹാരാജാവേ, ആ പാറാവുകാർ ഇവരാണ്. രണ്ടുപേൎക്കും ഓരോ ഉദ്യോഗം കൊടുക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

രാജാ:— അതിനു സംശയമുണ്ടോ. നിങ്ങളുടെ രണ്ടുപേരുടേയും ജീവനെ രക്ഷിച്ചതു് ഈ കാവൽക്കാരല്ലയോ. ആകയാൽ, അവർ കൊട്ടാരപാലകന്മാരുടെ നേതാക്കന്മാരായി ഇവിടെ വസിക്കട്ടെ.

കൎമ്മൻ:— അടിയങ്ങളുടെ പേരിൽ തിരുവുള്ളമുണ്ടായതിന് ഞങ്ങൾ എന്നേയ്ക്കും അങ്ങേയ്ക്കു കടപ്പെട്ടിരിക്കുന്നു,

രാജാ:— അഞ്ചലോസേ, നിൻെറ പ്രവൃത്തി കുറെ സാഹസമായിപ്പോയി. അവർ ഒരുവേള നിന്നെ കണ്ടുപിടിച്ചിരുന്നുവെങ്കിൽ ഫലമെന്തായിരുന്നേനേ?

അഞ്ച:— എൻെറ പുറപ്പാടു ദുഷ്ടവിചാരത്തോടുകൂടിയല്ലായിരുന്നതിനാൽ എനിക്കു യാതൊന്നും ഭയപ്പെടേണ്ടതില്ലായിരുന്നു.

രാജാ:— ഏലിയാ, ഇനി നിന്നെസ്സംബന്ധിച്ചു ചില നിഷ്കൎഷകൾ ചെയ്യാതെ നിവൃത്തിയില്ല. നീ ഈ പുരുഷവേഷത്തിൽത്തന്നെ സഞ്ചരിച്ചാൽ, ഇനിയും വല്ല ആപത്തും വലിച്ചു തലയിൽവയ്ക്കും. അഞ്ചലോസിൻെറ സാമൎത്ഥ്യം കൊണ്ടു് ഇപ്രാവശ്യം നീ രക്ഷപെട്ടുവെന്നതു പ്രോത്സാഹനീയമായിക്കരുതേണ്ടാ.

ഏലിയാ:— ഏററം പ്രിയപ്പെട്ട പിതാവേ, അങ്ങെ ശുശ്രൂഷിക്കേണ്ടതാണ് ഈ ലോകത്തിൽ ഇപ്പോൾ എനിക്കുള്ള

പ്രധാന ധർമ്മം, എന്നു ഞാൻ അറിയുന്നു. അതുകഴിഞ്ഞിട്ടുള്ള സമയം ഈശ്വരനു ഹിതകരമായ പ്രവൃത്തികൾ ചെയ്യാൻ ഞാൻ കടപ്പെട്ടവളാണല്ലോ. ആതുരശുശ്രൂഷക്കായും മതപ്രചരണത്തിനായും കൊട്ടാരംവിട്ടു കുറെ ദൂരെ സഞ്ചരിക്കാതെ തരമില്ല. ആ സന്ദർഭങ്ങളിൽ എന്റെ പുരുഷവേഷം അനേകം വിപത്തുകളിൽനിന്ന് എന്നെ രക്ഷിക്കുന്നു. ദൈവം എനിക്കു യാതൊരാപത്തിനും ഇടവരുത്തുകയില്ലെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു.

എന്നാലും,— (പദ്യം)

താതാജ്ഞയ്ക്കെതിരായി ഞാനൊരുമഹാ-
സൽകൃത്യമെന്നാകിലും
ചെയ്യാലായതു ഘോരപാപമിവളിൽ
ച്ചേർക്കുന്നു തർക്കം വിനാ;
ചേതസ്സിൽ ജനകന്നനിഷ്ടകരമായ്-
ത്തോന്നീടിലിന്നിക്ഷണം
വീതാശങ്കമിതാ വെടിഞ്ഞിടുവതു-
ണ്ടീവേഷവും യാത്രയും.

രാജാ:— (ഗാനം—ചഞ്ചലമായ്. എ. മ.)

൧ കേൾക്ക,ബാലേ യിതു ദൈവഹിതമല്ല,—ക്രിസ്തു-
വേദം നമ്മോടേവം വിധിച്ചീടുന്നില്ല.
൨ ശക്തിപോലല്ലാതെ പുണ്യം ചെയ്തിടേണ്ടാ,—സ്വയം
ആപത്തുവരിക്ക മൗഢ്യം, ശങ്കവേണ്ടാ.

നീയൊരു സ്ത്രീയാണെന്നും, എന്റെ കാലശേഷം ഈ രാജ്യം ഭരിക്കുവാനുള്ളവൾ നീ തന്നെയാണെന്നും നിനക്കറിഞ്ഞുകൂടെ്യോ?

കർദ്ദ:— ഇതാ, ഒരു സേവകൻ ഓടിക്കിതച്ചുവരുന്നു.

ആഞ്ജ:— അവനെ ക്ഷണം ഇവിടെ കൂട്ടിക്കൊണ്ടുവരു.

(കർദ്ദമൻ പോകുന്നു) കല്യാപുരിയിലെ ആലോചനകൾ എന്തെല്ലാമെന്ന് ഇപ്പോൾ അറിയാം. (കർദ്ദമനും സേ

വകനും പ്രവേശിച്ചു തൊഴുന്നു.) എന്താ വിശേഷം; നീ വളരെ ബദ്ധപ്പെട്ടു യാത്രചെയ്തപോലെ തോന്നുന്നല്ലോ.

സേവകൻ:— പൊന്നുതിരുമേനീ, അവർ ഇങ്ങോട്ടു യുദ്ധത്തിനു പുറപ്പെട്ടുകഴിഞ്ഞിരിക്കുന്നു. തടവുകാരൻ രക്ഷപെട്ടെന്നറിഞ്ഞപ്പോൾ കമലാപുരിയിൽനിന്ന് അങ്ങോട്ട് ആക്രമണം ഉണ്ടാകുമെന്നു തീർച്ചയാക്കി. എന്നാൽ, കമലാപുരിരാജാവു ചിന്നമലയ്ക്കടുത്തുള്ള കൊട്ടാരത്തിലുണ്ടെന്നും അവിടെ അധികം സൈന്യം കിടപ്പില്ലെന്നും ആരോ പറഞ്ഞറിഞ്ഞു. പെട്ടെന്ന് അവിടം ആക്രമിച്ചു രാജാവിനെ ബന്ധനസ്ഥനാക്കണമെന്നാണ് ഭടന്മാരോടുള്ള ഉത്തരവ്. സൈന്യം പിറകെ വരുന്നുണ്ട്.

രാജാ:— നീ പോരുമ്പോൾ കല്യാപുരിസൈന്യം പുറപ്പെട്ടിരുന്നോ?

സേവകൻ:— ഇല്ലങ്ങുന്നേ, എന്നാൽ, അവർ അശ്വാരൂഢന്മാരായതുകൊണ്ടു ക്ഷണം ഈകോട്ട വളയുമെന്ന് അടിയനു നല്ല ഉറപ്പുണ്ട്.

ആഞ്ച:— എന്നാൽ, നാം ഒരുങ്ങിയിരിക്കേണമല്ലോ

രാജാ:— ഇത്രപെട്ടെന്നു അകലെക്കിടക്കുന്ന ഭടന്മാരെ ഒന്നിച്ചുകൂട്ടി നാം കോട്ട രക്ഷിക്കുന്നത് എങ്ങനെയാണ്?

ഏലിയാ:— അച്ഛാ, ഞാൻ ഒരുപായം പറയാം. സഹോദരൻ ഈ പരിസരങ്ങളിലുള്ള ഭടന്മാരേയും ജനങ്ങളേയും വിളിച്ചു കൊട്ടാരത്തിനു ചുററും കാവലിട്ടശേഷം അച്ഛൻെറ സമീപത്തിൽത്തന്നെ നിന്നുകൊള്ളട്ടെ. മന്ത്രി ക്ഷണത്തിൽ കമലാപുരിയിൽച്ചെന്നു നമ്മുടെ സൈന്യത്തോടുകൂടെ കഴിയുന്നത്രവേഗം ഇവിടെ എത്തണം. ഞാൻ ആ നേരംകൊണ്ടു മന്ധരരാജാവിൻെറ സഹായമപേക്ഷിച്ച് അദ്ദേഹത്തിൻെറ സൈന്യത്തോടുകൂടെ വരാം.

ആഞ്ച:— സഹോദരി ബദ്ധപ്പെട്ടു പോകേണമെന്നില്ല.

മന്ധരരാജാവിൻെറ സമീപത്തേയ്ക്കു് ഒരു ദൂതനെ അയച്ചാൽ മതിയല്ലോ.

ഏലിയാ:— അതുപോരാ; ഞാൻതന്നേ പോയാൽ ഏതുവിധവും സൈന്യത്തേയുംകൊണ്ടു പോരുകയുള്ളു. ശത്രുസൈന്യം വളരെ വലുതാണെങ്കിൽത്തന്നെയും, ഞാൻ വരുന്നതുവരെ അവരെ തടുത്തുനില്ക്കുവാൻ നിങ്ങൾക്കു സാധിക്കാതെ വരികയില്ലല്ലോ.

രാജാ:— എന്തോ, എനിക്കൊന്നും തോന്നുന്നില്ല. നിങ്ങളുടെ അഭിപ്രായം പോലെയും മന്ത്രിയുടെ ആലോചനയോടുകൂടെയും എല്ലാം പ്രവൎത്തിച്ചുകൊള്ളുക. ഏലിയാ നമ്മുടെ കമലാപുരി മേടയിൽത്തന്നെ താമസിച്ചുകൊണ്ടാൽ മതി. യുദ്ധസ്ഥലത്തേയ്ക്കു വരേണമെന്നില്ല.

ഏലിയാ:— അച്ഛാ, സമയമില്ല—ഞാൻ ഏതായാലും മന്ധരത്തേയ്ക്കു പോകട്ടെ. അച്ഛൻ എന്നെ അനുഗ്രഹിക്കുക.

(രാജാവു് ആശിർവദിക്കുന്നു; ഏലിയാ ആശിസ്സു വാങ്ങിക്കൊണ്ടു ഓടുന്നു.)

ആഞ്ജ:— മന്ത്രിയെക്കണ്ടു് ആലോചിക്കുന്നതിനും, ഉടനടി വേണ്ടതു പ്രവൎത്തിക്കുന്നതിനുമായി ഞാനും പോകട്ടെ.

രാജാ:— അങ്ങനെ തന്നെ

(കർട്ടൻ)

രംഗം ൭.

(കമലാപുരി രാജധാനിക്കു സമീപം ഒരു വൃദ്ധൻ കരഞ്ഞുകൊണ്ടിരിക്കുന്നു. ഒരു വഴിപോക്കൻ അയാളുടെ അടുത്തു ചെല്ലുന്നു.)

പാന്ഥൻ:— ഉപ്പാപ്പനെന്താണിവിടെ തനിച്ചിരുന്നു കരയുന്നതു്. (വൃദ്ധൻ ഉറക്കെക്കരയുന്നു) കാര്യം പറയൂ ഉപ്പാപ്പാ!

വൃദ്ധൻ:— അയ്യോ!–അയ്യയ്യോ!–അയ്യയ്യയ്യോ!–

പാന്ഥൻ:— ഇതുകൊള്ളാമല്ലോ. കരച്ചിൽ നിറുത്തുകയുമില്ല; കാര്യം പറയുകയുമില്ല. ഇങ്ങനെയായാൽ ഞാൻ പോകുന്നു.

വൃദ്ധൻ:— (കണ്ണീരുതുടച്ചുകൊണ്ടു്) എന്റെ പൊന്നുംകൊടത്തുമകൻ എവിടന്നാവരുന്നേ?

പാന്ഥൻ:— ഞാൻ ഇവിടെ തോമ്മാമുനിയുടെ കുഴിമാടത്തിങ്കൽ വലിയ അത്ഭുതങ്ങൾ നടക്കുന്നുണ്ടെന്നറിഞ്ഞു ചില നേർച്ച കാഴ്ചകൾ സമർപ്പിക്കാൻ അങ്ങോട്ടു പോകയാണു്. ഉപ്പാപ്പൻ എന്താണിത്ര സങ്കടപ്പെടുന്നതു്?

വൃദ്ധൻ:— (കൈയിലുള്ള വടികൊണ്ടു ചുററും ചൂണ്ടിക്കാണിച്ചിട്ടു്) ഈ ചുററുപാടു നോക്കീട്ടു മകനു വല്ലതും തോന്നുന്നുണ്ടോ?

പാന്ഥൻ:— രാജകൊട്ടാരങ്ങൾ പോലെയുള്ള പല വലിയ കെട്ടിടങ്ങളും കത്തിഭസ്മമായിരിക്കുന്നു. അനേകായിരം കുതിരക്കുളമ്പുകളുടെ പാടുകൾ സർവ്വത്ര പതിഞ്ഞുകാണുന്നു. മനുഷ്യരക്തത്തിന്റെ മഹാദുർഗന്ധം. പലേടത്തും ചോര ഉണങ്ങിക്കട്ടപിടിച്ചു കിടക്കുന്നു. ശവംതീനികളായ കഴുകൻ, കാക്ക മുതലായ പക്ഷികൾ കൂട്ടംകൂട്ടമായി കോട്ടയ്ക്കുചുററും പറന്നുനടക്കുന്നു. മുറിഞ്ഞ വാളുകളുടേയും, ഒടിഞ്ഞ കുന്തങ്ങളുടേയും നഷ്ടശിഷ്ടങ്ങൾ അവിടവിടെയായിക്കിടക്കുന്നുണ്ടു്! ഇവയെല്ലാം കണ്ടിട്ടു്, ഇന്നോ ഇന്നലയോ ഇവിടെ ഒരു ഭയങ്കരമായ യുദ്ധം നടന്നിട്ടുണ്ടെന്നാണു് എനിക്കു മനസ്സിലാകുന്നതു്.

വൃദ്ധൻ:— മകൻ പുത്തിമാനാണേ! ശുത്തമെന്നു പറഞ്ഞാൽ–എന്തൊരു ശുത്തമായിരുന്നു! ഇന്തിരനും ചന്തിരനും തമ്മിലുള്ള ശുത്തമല്ല, രാമരാബണശുത്തം തന്നെയായിരുന്നു.

പാന്ഥൻ:— ഉപ്പാപ്പാ, ആരുതമ്മിലായിരുന്നു ആ യുദ്ധം? ആരു ജയിച്ചു?

വൃദ്ധൻ:— കമലാപുരി രാശാവു് ഇവിടെ താമസിക്കേ

രുന്നു. പെട്ടെന്നു കല്യാപുരിപ്പടവന്നു ശൂത്തംശെയ്തു. അവർ ഇക്കണ്ടനാശമെല്ലാം ശെയ്തിട്ട്, എൻെറ പൊന്നുംകൊടത്തു രാശാവിനേയും പിടിച്ചുകെട്ടിക്കൊണ്ടു പോയി! (കരയുന്നു.)

പാന്ഥൻ:— കല്യാപുരിക്കാരെ ജയിക്കത്തക്ക സൈന്യം കമലാപുരിക്കാർക്ക് ഉണ്ടെന്നാണല്ലോ ഞാൻ കേട്ടത്.

വൃദ്ധൻ:— പക്ഷേ, ആ പട്ടാളക്കാരു കമലാപുരീന്നു ഇവിടെയെത്തിയപ്പം കമ്പംകഴിഞ്ഞു കാററുതിപ്പോയില്ലേ, മകനേ!—അപ്പോൾ കതയെല്ലാം കഴിഞ്ഞില്ലേ! ഇവിടെയുണ്ടാരുന്ന പത്തുന്തുറു മനുഷ്യേമ്മാരു പെരുങ്കടലുപോലെ എരച്ചുകേറിവന്ന കല്യാപുരിപ്പടയോടു വല്ലതിനുമാകുമോ, മകനേ!

പാന്ഥൻ:— കഷ്ടം! കമലാപുരിയിലെ ക്രിസ്തീയ രാജാവ് വളരെ ഗുണവാനായ ഒരാളായിരുന്നുവെന്നു പ്രസിദ്ധമാണ്.

വൃദ്ധൻ:— അതല്ലേ, മകനേ, ഉപ്പാപ്പൻ ഇത്ര തുക്കിക്കണത്. (കരയുന്നു.)

പാന്ഥൻ:— രാജാവിനു യുദ്ധവീരനായ ഒരു വളത്തു പുത്രൻ ഉണ്ടായിരുന്നല്ലോ. അദ്ദേഹത്തിന്, എന്തു സംഭവിച്ചു?

വൃദ്ധൻ:— അഞ്ചലോക്കഞ്ഞതല്ലേ. ഓ! ആ കുഞ്ഞു തിരതയോടെ പോരാടി. സവ്വാംഗം വെട്ടുംകൊണ്ടു വീണുപോയി!! മരിച്ചെന്നു വിശാരിച്ചു ചതുക്കൾ ഇട്ടേച്ചുമ്പോയി. ഈച്ചപരക്കൃപകൊണ്ടു അങ്ങേരു മരിച്ചില്ല. കമലാപുരിയിൽ കൊണ്ടുപോയി കുഞ്ഞിനെ ഇപ്പം ശികിത്സിക്കണൊണ്ട്.

പാന്ഥൻ:— രാജാവിനെ വീണ്ടെടുക്കാൻ വല്ല ശ്രമവും ഈ രാജ്യക്കാർ ചെയ്യുന്നുണ്ടോ?

വൃദ്ധൻ:— പിന്നെ ചെയ്യാതിരിക്കുമോ! മകനേ! നല്ല കാര്യം. രാശാവിൻെറ മകൾ മന്തരരാശാവിൻെറ അടുക്കപ്പോയി അവിടത്തേ മുഴവൻ പട്ടാളത്തേയുംകൂട്ടി ഇവിടെ വന്നു. ഇവിടത്തെപ്പട്ടാളക്കാരെയെല്ലാം മന്ത്രി ശട്ടെന്നു സൊരുക്കൂട്ടിയെ

ട്ടത്ത് ഈ രണ്ടു പട്ടാളവുംകൂടെ കല്യാപുരിക്കു വെക്കം പോയിട്ടുണ്ട്.

പാന്ഥൻ:— അങ്ങനെയാണെങ്കിൽ, കല്യാപുരിക്കാർ പെട്ടെന്നു കീഴടങ്ങാതിരിക്കുകയില്ല. പിന്നെന്തിനാണ്, ഉപ്പാപ്പൻ ഇത്ര സങ്കടപ്പെടുന്നത്.

വൃദ്ധൻ:— എന്നുപറഞ്ഞാ, മകനേ, അവര് രാശാവിനെ വല്ലതും ശെയ്യേങ്കിലോ എന്നോർത്ത് എൻെറ ഏർതയം തകരുന്നു. (കരയുന്നു.)

പാന്ഥൻ:— ഹെയ്! ഒരു രാജാവും അത്ര നീചമായി പ്രവൎത്തിക്കുകയില്ല. അതു വിചാരിച്ച് ഉപ്പാപ്പൻ വെറുതെ ഖേദിക്കേണ്ടാ. നേരം വളരെയായി. പോകട്ടെ.

വൃദ്ധൻ:— കറപ്പതിന്നണ നേരം കഴിഞ്ഞു. ഉപ്പാപ്പനും പോകണം. (ഉപ്പാപ്പൻ വടിയൂന്നിയും, വഴിപോക്കൻ തൻെറ ചെറുഭാണ്ഡം പേറിയും, പോകുന്നു.)

(കർട്ടൻ.)

രംഗം ൫.

(കല്യാപുരി രാജധാനി.)

(കോട്ടയുടെ ഒരൊഴിഞ്ഞ മൂലയിൽ ഏലിയായും സൈന്യാധിപനായ വീരവിക്രമനും പ്രവേശിക്കുന്നു.)

ഏലിയാ:— വീരവിക്രമപ്രഭോ, നമ്മുടെ സൈന്യങ്ങളെല്ലാം നിർബാധം കോട്ടയ്ക്കകത്തു പ്രവേശിച്ചില്ലേ?

വീരവി:— ഒരുത്തർക്കും യാതൊരു സംശയവും കൊടുക്കാതെ അവർ അകത്തു കടന്നിരിക്കുന്നു.

ഏലിയാ:— ശത്രുക്കളുടെ സ്ഥിതിയെന്താണ്?

വീര:— കല്യാപുരി സൈന്യത്തിൻെറ ചെറിയൊരു

ഭാഗം മാത്രമേ ഇവിടെയുള്ളു. അവരാകട്ടെ അമിതമായി മദ്യ പിക്കുകയാൽ പലരും നിദ്രാധീനന്മാരും, ബാക്കിയുള്ളവർ ബോധരഹിതന്മാരുമായിട്ടാണു് കാണപ്പെടുന്നതു്.

ഏലിയാ:— രാജകൊട്ടാരത്തിൽ ഒട്ടേറെ ഭടന്മാർ ഉണ്ടാകാതിരിക്കുകയില്ല.

വീര:— കുറെ വല്ലവരും ഉണ്ടായിരിക്കാമെങ്കിലും അവർ നമുക്കു് അഗ്നികുണ്ഡത്തിലെ ഈയൽ മാത്രമാണു്.

ഏലിയാ:— ആശങ്കയ്ക്കു് അവകാശമില്ല. നമ്മുടെകൂടെ വന്നിട്ടുള്ള മന്ധരസൈന്യങ്ങൾ നിലയുറപ്പിച്ചുകഴിഞ്ഞുവോ?

വീര:— ഉവ്വ്; അവർ തങ്ങളുടെ യുദ്ധവീരനായ സേനാധിപൻെറ നേതൃത്വത്തിൽ വടക്കേ കോട്ടമതിൽ ചേൎന്നു നില്ക്കുന്നു. ഇവിടെ യുദ്ധകാഹളം കേൾക്കുന്ന ക്ഷണത്തിൽ അവർ വടക്കുവശത്തു് ആക്രമണം തുടങ്ങുന്നതായിരിക്കും.

ഏലിയാ:— നമ്മുടെ ഭടന്മാരെല്ലാവരും ഇവിടെ സന്നദ്ധന്മാരായി നില്ക്കുകയല്ലേ? തെക്കുവശത്തുനിന്നു് ആക്രമിച്ചു നമ്മുടെ ബന്ധുക്കളായ മന്ധരസൈന്യനിരയോടു യോജിക്കേണമെന്നു നമ്മുടെ ഭടന്മാർക്കു മുന്നറിവു കൊടുത്തിട്ടുണ്ടല്ലോ?

വീര: അതൊക്കെ ഞാൻ ഏർപ്പാടുചെയ്തുകഴിഞ്ഞു. യുദ്ധം തുടങ്ങാനുള്ള താമസമേ ഇനിയുള്ളു.

ഏലിയാ: നിൽക്കൂ; എൻെറ പിതാവിനെ ബന്ധനത്തിൽ ഇട്ടിരിക്കുന്ന ജെയിൽക്കെട്ടിടത്തിലേയ്ക്കു ഭടന്മാരെ അയച്ചോ?

വീര: വീരന്മാരായ നൂറുയോദ്ധാക്കൾ തിരുമേനിയുടെ രക്ഷയ്ക്കായി അങ്ങോട്ടു പോയിട്ടുണ്ടു്. അവർ അദ്ദേഹത്തെ സ്വതന്ത്രനാക്കിക്കൊണ്ടു് അവിടെത്തന്നെ കാത്തുനില്ക്കുവാൻ ഞാൻ ആജ്ഞാപിച്ചിട്ടുണ്ടു്.

ഏലിയാ:— വിജയവീരരാജാവിനേയും പുത്രനേയും പിടിച്ചു കെട്ടുകയല്ലാതെ, നിഗ്രഹിക്കരുതെന്നു പ്രത്യേകം നമ്മുടെ ഭടന്മാരോടു പറഞ്ഞിട്ടുണ്ടല്ലോ?

വീര:— ഉണ്ട്.

ഏലിയാ:— എന്നാൽ, ഇപ്പോഠം പോർവിളി തുടങ്ങാം. മുന്നണിയിൽ നില്ക്കേണ്ട നമ്മുടെ ഭടന്മാരെ ഇങ്ങു വിളിച്ചു് അണിയായി നിറുത്തുക.

(വീരവിക്രമൻ കറുത്തവസ്ത്രംധരിച്ച ആറു ഭടന്മാരെ മാർച്ച് ചെയ്യിച്ചുകൊണ്ടുവന്നു നിറുത്തുന്നു.)

ഏലിയാ:—

(പോർവിളിഗാനം— ജീർണ്ണവസ്ത്രം or വില്ലമ്പുകത്തികട്ടാരി. ഏ മ.)

ഫ വാടാ നൃപാധമാ,–വീരസേനാ,
പോരാടുവാനധുനാ.—
മുഷ്ക്കിയന്നക്രമം ചെയ്യതിന്നായ്
തക്കപ്രതിക്രിയ തന്നിടും ഞാൻ. (വാടാ....)
ച നിഷ്കൃപം യോഗിയെ നിഗ്രഹിച്ചു,
മൽഗ്ഗൃഹം നിൻ ഭടരാക്രമിച്ചു,
ദു:ഖമെനിക്കമെച്ഛന്നമേകി.
ആക്കി നീ താതനെപ്പാറാവതിൽ. (വാടാ....)

(രണ്ടുഭാഗത്തുനിന്നും സൈന്യങ്ങഠം വന്നു പരസ്പരം ഭയങ്കരമായ യുദ്ധം നടക്കുന്നു. യുദ്ധാവസാനത്തിൽ കല്യാപുരി സൈന്യം തോററോടുന്നു. വീരവിക്രമൻ വീരസേന മഹാരാജനേയും വീരബാഹുവിനേയും ബന്ധിച്ചു് ഏലിയായുടെ മുൻപിൽ കൊണ്ടുവരുന്നു.)

വീരവിക്രമൻ:— (ഏലിയായോട്ട്) ഇതാ, നമ്മുടെ ബദ്ധവൈരികളായ വിജയവീരരാജനേയും, പുത്രനേയും അങ്ങയുടെ മുൻപിൽ അടിയറ വച്ചിരിക്കുന്നു.

ഏലിയാ:— സൈന്യാധിപാ, ഇവരുടെ വിഷയത്തിൽ ഒന്നും പ്രവത്തിക്കുവാൻ എനിക്കധികാരമില്ല. അതു് എൻെറ പിതാവു തീരുമാനിക്കേണ്ടതാണല്ലോ.

വീരവിക്ര:— വലിയതിരുമേനി പരിവാരസമേതം

പോയിക്കഴിഞ്ഞു. യുദ്ധത്തിൻെറ അവസാനം കാണ്മാനാണ് ഇത്രയും ഇവിടെത്താമസിച്ചതെന്നും, അങ്ങേയ്ക്കു സർവ്വാനുഗ്രഹങ്ങളും ആശംസിക്കുന്നുവെന്നും അനന്തരകൃത്യങ്ങൾ അങ്ങയുടെ യുക്തംപോലെ നടത്തുന്നതു സന്തോഷമാണെന്നും, മറ്റവറ്റ നമ്മുടെ രാജധാനിയിൽ കിടക്കുന്ന ആഞ്ചലോസ് തിരുമേനിയുടെ വാർത്തകൾ അറിവാനുള്ള അതിയായ ഉൽകണ്ഠയാൽ താൻ ഉടനെ തിരിച്ചുപോകുന്നതു തെററിദ്ധാരണയ്ക്കിടയാകരുതെന്നും ഇവിടത്തോടു പ്രത്യേകം പറയണമെന്നുള്ള സന്ദേശത്തോടുകൂടെ ഒരു ദൂതനെ ഇവിടെ അയച്ചിരിക്കുന്നു.

ഏലിയാ: അച്ഛൻ അങ്ങനെയാണോ ആജ്ഞാപിച്ചിരിക്കുന്നത്? (അല്പം ആലോചിച്ചിട്ട്) എന്നാൽ, യോദ്ധാക്കളേ,

(ഗാനം— അക്ക്ബർ അറങ്ങസീബ്. എ. മ)

വിരുതുടയ വീരരേ,–യുധിപെരിയധീരരേ,
വിശ്വസ്തരേ, എൻഗിരം കേൾക്കുവിൻ:—
ഝടിതി നടകൊള്ളുവിൻ–നാടിതെല്ലാടവും,
പടവിജയഘോഷമോ–ടാത്തതോഷം!

ഭടന്മാർ:— ഞങ്ങളിതാ, ക്ഷണത്തിൽ അതു നിർവ്വഹിക്കുന്നുണ്ട്.

(വീരവിക്രമനൊഴിച്ച പടയാളികളെല്ലാവരും പോകുന്നു.)

ഏലിയാ:— അല്ലയോ, വിജയവീരമഹാരാജാവേ, അങ്ങേയ്ക്കും പുത്രനായ വീരബാഹുവിനുമാണ് ഇനി ശിക്ഷ നിശ്ചയിക്കുവാനുള്ളത്.

വിജയവീരൻ:— എന്നെ വേഗം കൊന്നുകളയുക.

ഏലിയാ:— ഇല്ല– ശത്രുനിഗ്രഹമല്ല, ശത്രുസ്നേഹമാണ്, ക്രിസ്തുമതം ഉപദേശിക്കുന്നത്. സ്വപാപങ്ങൾ ക്ഷമിക്കപ്പെടുന്നതിനുവേണ്ടി അന്യരോടു ക്ഷമിക്കേണമെന്നും, ദുഷ്ടരെ സ്നേഹിക്കേണമെന്നുമത്രേ ക്രിസ്തുനാഥൻെറ പ്രബോധനം.

ആകയാൽ, അങ്ങേയ്ക്കും പുത്രനും ഞാൻ, ഇതാ, വീണ്ടും സ്വാതന്ത്ര്യം നല്കുന്നു. നിങ്ങളുടെ രാജ്യം എനിക്കാവശ്യമില്ല. നിങ്ങൾതന്നെ അതു ഭരിച്ചുകൊള്ളുവിൻ.

(വീരവിക്രമൻ രാജാവിന്റേയും പുത്രന്റേയും കെട്ടുകൾ അഴിക്കുന്നു.)

വീരബാഹു:— ആവൂ! ആശ്വാസമായി!!

ഏലിയാ:— (ഗാനം—അല്ലിയെൻറം പോരുടേയ

[illegible] അന്ത്യയാത്ര എ. മ)

ഫ മുപ്പതായി തോമ്മാമുനി- വദ്ധ്യനായിട്ടിന്നു ദിനം
ഓർത്തിനാൽ—കൃത്യമായെൻ-ശാപവചസ്സിന്നീവിധം.
വ ക്രൈസ്തവരെ ദ്രോഹിക്കാതെ—ചേർത്തുസുഖം പ്രജകൾക്കും
നീതിപൂർവ്വം—നാടുവാണാൽ-കൈവരും തേ ക്ഷേമം മേ
ന്മേൽ.

ഒരുപദേശംകൂടെ ഞാൻ തരുന്നു. അതു നിർബന്ധപൂർവ്വമല്ല. ക്രിസ്തുമതത്തെക്കുറിച്ചു ശരിയായ ജ്ഞാനമുള്ളവരോടു ചോദിച്ചു ആ വേദതത്വങ്ങൾ മനസ്സിലാക്കി ഹിന്തുമതത്തേക്കാൾ അതു് നല്ലതെന്നു ബോധപ്പെട്ടാൽ നിങ്ങൾ ആ മതം സ്വീകരിക്കേണം. മന:സാക്ഷി അനുകൂലിക്കുന്നകാലത്തു മാത്രം അങ്ങനെ ചെയ്താൽമതി. എന്നാൽ,

(ഗാനം— മാധവർ കുലത്തുദിത്ത എ. മ)

ഇനിയുമൊന്നുരചെയ്യാം—വീര-
രാജപുത്രാ, വീരബാഹോ, താവക ഹസ്തം
യോഗിയെ വധിക്കുകയാൽ—ഏററം
ആഴമേറും വ്രണമാർന്നിന്നവശമല്ലോ,
പ്രതിവിധിയതിനോതാം:— അനു-
താപമോടെ താപസന്റെ ശവകുടീരം
സന്ദർശിച്ചിരന്നീടുകിൽ—പരി-
പൂർണ്ണസൗഖ്യം സിദ്ധമാകും സംശയംവിനാ,
ബഹുവിധമത്ഭുതങ്ങൾ—അതി-

പാവനമസ്ഥലത്തുണ്ടു സംഭവിക്കുന്നു
ജഗദീശപരകൃപയാൽ.

ഒരു പരിശുദ്ധനെ അകാരണം നിഗ്രഹിച്ചു എന്നുള്ളതും, ആ വസ്തുത മറച്ചുവയ്ക്കാൻ എന്നെ ജയിലിലിട്ടുകയും എൻെറ പിതാവിൻെറ കൊട്ടാരം ആക്രമിക്കുകയും ചെയ്തുവെന്നുള്ളതും മരണംവരെ നിങ്ങളെ പീഡിപ്പിച്ചുകൊണ്ടിരിക്കും. അതു മാത്രമാണു നിങ്ങളുടെ അധർമ്മങ്ങൾക്കുള്ള ശിക്ഷ. എനിക്കും എൻെറ പിതാവിനും നിങ്ങളോടും നിങ്ങളുടെ രാജ്യത്തോടും യാതൊരുവിരോധവുമില്ലെന്നും, അയൽരാജ്യങ്ങൾ മൈത്രിയിൽ വർത്തിക്കണമെന്നുള്ളതാണു ഞങ്ങളുടെ ഹൃദയംഗമമായ അഭിഗ്രഹമെന്നുംകൂടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഞങ്ങൾ, ഇതാ, യാത്രപറയുന്നു.

(ഏലിയായും വീരവിക്രമനും പോകുന്നു.)

(കർട്ടൻ.)

രംഗം ൯.

(കല്യാപുരി രാജാവും, കൈയിലെ വ്രണത്തിൻെറ അസഹനീയമായ വേദനയോടുകൂടെ വീരബാഹുവും ചിന്നമലയ്ക്കു സമീപം പ്രത്യക്ഷമാകുന്നു.)

വീരബാ:— (ഗാനം— അപ്പാ മകനേ പാമ്പു. എ. മ.)
അയ്യയ്യോ! സഹിക്കുവാൻ—വയ്യേതുമീവിധം
ദൈവമേ!—ഹാ! ഹാ!—ദൈവമേ!

രാജാ:— ചെയ്യാനെന്തിനിയുള്ളൂ?— നീയല്ലാതെനിക്കാ— (രെൻ
വത്സലാ,—മമ—വത്സലാ!

വീരബാ:— ഘോരപാതകത്തിന്റെ— പരിഹാരമിദ
(മെന്നിൽ
ദൈവമേ!—ഹാ!-ഹാ!—ദൈവമേ!
രാജാ:— ശരണം കൈവിടാ, ദൈവം—കരുണാ
(വാരിധിയല്ലോ
വത്സലാ! മമ—വത്സലാ!

മകനേ, ഏലിയാ പറഞ്ഞതെല്ലാം വാസ്തവമാണ്. നമ്മുടെ അധർമ്മങ്ങൾക്കുള്ള ശിക്ഷയാണു നാമിപ്പോൾ അനുഭവിക്കുന്നത്.

വീരബാ:— അയ്യോ! അച്ഛാ! സഹിച്ചുകൂടേ! അയ്യോ! എന്റെ കൈവെട്ടി മാററിത്തരേണമേ!

രാജാ:— പുത്രാ, നാം എന്തുചെയ്യട്ടെ. ഏതെല്ലാം വൈദ്യന്മാർ ചികത്സിച്ചു! എത്രയെത്ര ക്ഷേത്രങ്ങളിൽ നാം വഴിപാടുകൾ കഴിച്ചു; എന്തെല്ലാം മന്ത്രവാദങ്ങൾ നടത്തി; യാതൊരു ഫലവുമില്ലല്ലോ! ഇതാ, അവസാനത്തേതായി, ഏലിയാ ഉപദേശിച്ചപ്രകാരം, തോമ്മാമുനിയുടെ സഹായംതന്നെ അപേക്ഷിക്കാം. ഒരു പക്ഷേ, വല്ല ഗുണവും സിദ്ധിച്ചേക്കും. ദ്രോഹം ചെയ്തവരെ തുണയ്ക്കുന്ന ആളാണ് ആ മുനിയെന്നല്ലേ പറയുന്നത്!

വീരബാ:— അച്ഛാ, അച്ഛാ, എന്റെ മുറിവിൽനിന്നു പുറപ്പെടുന്ന ചോരയും ചലവും, ഇതാ, ഉടുപ്പുമുഴുവൻ നിറഞ്ഞു! അയ്യോ! എനിക്കു ഭയമാകുന്നു.... ഞാൻ ആത്മഹത്യചെയ്യും. അച്ഛാ,.... ആത്മഹത്യ ചെയ്യും.

വീരബാ:— (ഗാനം ഝംഝ ടി. രൂപകം.)

(ദീനജനാധാരമായ. or, എന്തുചിന്തം. എ. മ.)

ക്രൂരമയ്യോ!—ദുർവിധിമേ,
ദാരുണമീ—ശാപം.

ദുരന്തമീയഴൽ–സഹിക്കവ‌യ്യേതും,
മരണമേ, ജവം–വരുക നീയെന്നിൽ. (ക്രൂര.)

രാജാ:— (ഗാനം–ടി. മട്ട്.)

സന്തപിക്കാ–തെൻതനയാ,
ശാന്തിനല്കും–ഈശൻ.
ക്ഷമിക്ക, പീഡകൾ–ശമിച്ചിടും തവ,
ലഭിച്ചിടും സുഖം;–തുണക്കുമീശ്വരൻ. (സന്ത.)

ഒന്നു പരീക്ഷിക്കാമല്ലോ. ഇതു ദൈവശിക്ഷതന്നെ എന്നതിനു സംശയമില്ല.

വീരബാ:—അയ്യോ! ആ സ്ഥലത്തു ചെല്ലുവാൻ എനിക്കു ഭയമാകുന്നു മുനിയുടെ പ്രേതം എന്നെ ഉപദ്രവിക്കും.

രാജാ:— ഇല്ല, മകനേ, അദ്ദേഹം ഒരു പരിശുദ്ധൻ ആയിരുന്നില്ലേ? ഇതാ, ആ പൂജ്യപുരുഷൻെറ ശവകുടീരം. (ഒരു ഇടക്കർട്ടൻ പൊങ്ങി തോമ്മാശ്ലീഹായുടെ ശവകുടീരം പ്രത്യക്ഷമാകുന്നു. രാജാവും പുത്രനും ഓരോവശത്തു ഭയാകുലന്മാരായി പ്രാത്ഥിച്ചുകൊണ്ടു നില്ക്കുന്നു. ഊമൻ, കുരുടൻ, മുടന്തൻ, ചെകിടൻ ആദിയായ പലരോഗികളും വന്നു പ്രാത്ഥിക്കുന്നു. ചിലർ രോഗശമനം പ്രാപിച്ചു സന്തുഷ്ടരായി മടങ്ങുന്നു.)

(തോമ്മാശ്ലീഹായുടെ കുഴിമാടത്തിങ്കൽ രാജാവും വീരബാഹുവും പ്രാത്ഥിക്കുന്നു.)

(ഗാനം.)

(സുഖജ്ഞാനദേവ. or, ജഗത്രയറാണി മേരി. എ. മ.)

നമിച്ചിടുന്നേൻ, വന്ദ്യനാം മാർത്തോമ്മാ,
മാമുനി സത്തമാ. (നമി.)

(അനുപല്ലവി.)

അമന്ദഭക്ത്യാ തവ—പാവനപാദം (നമി)

(ചരണങ്ങൾ.)

൧. ആമയമാകെ— അകററീടുവാനായ്
ആശയോടെ നിൻ പാദാരവിന്ദേ—ആശ്രയം തേടു
ന്നോൻ. (നമി.)

൨. നിത്യസവ്വേശ— പുത്രനാമേശു—
ക്രിസ്തുവിനുത്തമനാം പ്രേഷിതാ,— സദ്ഗുരഭൂഷിതാ!
(നമി.)

൩. സത്യൈകവേദ—ദീപ്തിയെ മോദാൽ
സതതമിളാസരിൽത്തിരിക്ക,—സൽപഥം തെളിക്ക.
(നമി.)

വീരബാ:— അച്ഛാ, ഇതെന്തൊരാശ്ചര്യം. ഇതാ,

(പദ്യം.)

ആഹാ! വിസ്മയമാമഹാവ്രണമതോ
കാണുന്നതില്ലിപ്പോഴെൻ
ദേഹം മൂടിയിരുന്നോരാ കൃമികളും
പോയ്പ്പോയിതെങ്ങോ ജവാൽ;
ഊഹാതീതമിവന്റെ വേദനയശേഷം
നീങ്ങി, സാക്ഷാൽ പരം
മാഹാത്മ്യംകലരുന്ന ദിവ്യമുനി താൻ
തോമ്മാഖ്യനാം പുണ്യവാൻ!!
(വീരബാഹു പരിപൂർണ്ണസുഖം പ്രാപിക്കുന്നു.)

രാജാ: ഹാ! ഇനി എന്തു സംശയം! അദ്ദേഹം പഠി
പ്പിച്ച മതംതന്നെ സത്യമതമെന്നും, യേശുക്രിസ്തുതന്നെ സ
ത്യദൈവമെന്നും പറവാൻ ഇനി എന്തിനു സംശയിക്കുന്നു.

നമുക്ക് ഇനി എത്രയും വേഗം ക്രിസ്തുമതം അവലംബിക്കുക തന്നെ.

വീരബാഹു:-- അതേ, പിതാവേ, നമ്മുടെ അപരാധങ്ങളെയെല്ലാം സത്യദൈവം ക്ഷമിക്കാതെയിരിക്കുകയില്ല.

(ഒരു ദൂതൻ പ്രവേശിച്ചു രാജാവിന് ഒരെഴുത്തുകൊടുക്കുന്നു.)

രാജാ: — (കത്തുവായിച്ചിട്ട്) ഇതാ,നാം ഇവിടെ വന്നതറിഞ്ഞു കമലാപുരി രാജാവു നമ്മെ ബന്ധുഭാവത്തിൽ കൊട്ടാരത്തിലേയ്ക്കു ക്ഷണിക്കുന്നു. പഴയവിരോധമെല്ലാം അവർ തീരെ വിസ്മരിച്ചിരിക്കുന്നുവത്രേ; എത്ര സൗഹാർദ്ദപൂർവ്വമായ ഒരു കത്ത്!

വീരബാ:— ക്ഷണിച്ച സ്ഥിതിക്കു നാം പോകേണ്ടതാണ്. നാം ക്രിസ്തുമതം സ്വീകരിക്കുവാൻ നിശ്ചയിച്ചിരിക്കുന്നുവെന്നുകൂടെ കേൾക്കുമ്പോൾ അവർക്കു കൂടുതൽ സന്തോഷമുണ്ടാകാതെയിരിക്കുകയില്ല.

രാജാ:— എന്നാൽ, അങ്ങോട്ടു പോകുകതന്നേ. തിരിച്ചുവരുമ്പോൾ ഒരിക്കൽക്കൂടെ ഈ വിശുദ്ധസ്ഥലം സന്ദർശിച്ചു ശക്തിക്കൊത്തവിധം തോമ്മാമുനിയോടു നമുക്കു കൃതജ്ഞത പ്രദർശിപ്പിക്കാം.

(തൊഴുതുകൊണ്ട് ഇരുവരും ദൂതനോടൊന്നിച്ചു പോകുന്നു.)

(കർട്ടൻ.)

രംഗം ൧൦.

(കമലാപുരി രാജധാനി.)

(കല്യാപുരി രാജാവും കമലാപുരി രാജാവും ഇരിക്കുന്നു. അവരുടെ സമീപം വീരബാഹുവും ഏലിയായും നില്ക്കുന്നു.)

കമലാ: രാജാ:-- മഹാരാജാവേ,അവിടുന്നും പുത്രനും

ക്രിസ്തുമതം സ്വീകരിക്കാമെന്നു നിശ്ചയിച്ചിരിക്കുന്നതിൽ എനിക്കുള്ള സന്തോഷം അനല്പമാണ്.

ഏലിയാ:— ഇങ്ങനെ ഒരു മാനസാന്തരം ഉണ്ടാകുന്നതിനു ഞാൻ അനുദിനം തോമ്മാമുനിയുടെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിച്ചിരുന്നു.

കല്യാ: രാജാ:— ഇത്രകാലം അജ്ഞാനാന്ധകാരത്തിൽ മുഴുകി അധർമ്മങ്ങൾ പ്രവർത്തിച്ചതിനെക്കുറിച്ചു ഞാൻ ദുഃഖിക്കുന്നു.

വീരബാ:— എന്റെ ഘോരപാപത്തിനാണ് ഒരു കാലത്തും പരിഹാരം കിട്ടാത്തതു്.

ഏലിയാ:— അങ്ങനെ നിരാശപ്പെടരുതു്. നിങ്ങളുടെ സുഖക്കേടു ഭേദമായതുതന്നെ നിങ്ങളോടു ദൈവം ക്ഷമിച്ചിരിക്കുന്നു എന്നുള്ളതിനു ദൃഷ്ടാന്തമാണല്ലോ.

കല്യാ: രാജാ:— അങ്ങേയ്ക്കു ഒരു പുത്രസന്താനമില്ലാത്തതിൽ വളരെ ഖേദമുണ്ടായിരിക്കാം. എന്നാൽ, അങ്ങയുടെ (ഏലിയായെ നോക്കിക്കൊണ്ടു്) ഈ വളർത്തുപുത്രൻ അതിസമർത്ഥനായതുകൊണ്ടു് ആ ഖേദത്തിനു വളരെ ശമനമുണ്ടെന്നും വിശ്വസിക്കുന്നു. ഭാഗ്യവതിയായ അങ്ങയുടെ പുത്രിക്കു ക്ഷേമംതന്നെയല്ലേ.

(കമലാപുരി രാജാവു സ്വപുത്രിയായ ഏലിയായെ നോക്കുന്നു)

ഏലിയാ:— (ആത്മഗതം) ഇനി എന്റെ വേഷപ്രച്ഛന്നതാവൃത്താന്തം ഇവർക്കു വെളിപ്പെടുന്നതിൽ അസാംഗത്യമില്ലല്ലോ. (പ്രകാശം) മഹാരാജാവേ, അവിടന്നു ക്ഷമിക്കണം. ഞാൻ നിങ്ങളുടെ എല്ലാവരുടേയും മുൻപിൽ ഒരു വലിയ അപരാധം പ്രവർത്തിച്ചിട്ടുണ്ടു്. നിങ്ങൾക്കു പരിചയമുള്ള ഏലിയാ, പുരുഷവേഷത്തിൽ ഇപ്പോഴും കാണപ്പെടുന്ന ഈ ഏലിയാ, സാക്ഷാൽ ഒരു സ്ത്രീയാണ്.

കല്യാ: രാജാ:— എന്തു? ഇത്ര മഹാ ധീരകൃത്യങ്ങളൊക്കെ ചെയ്തു ഏലിയാ ഒരു സ്ത്രീയാണെന്നോ!!

വീരബാ: ഇതു വാസ്തവംതന്നെയോ!!!

കമലാ രാജാ:— അതേ; ഏലിയായാണ് എൻെറ ഏകപുത്രി· എൻെറ വളർത്തുപുത്രൻ വേറെയാണ്. അഞ്ചലോസിനെ അവിടേയ്ക്കു പരിചയമില്ലായിരിക്കാം.—ആരവിടെ? (സേവകനോട്ട്) നമ്മുടെ പ്രിയപ്പെട്ട ദത്തുപുത്രൻ അഞ്ചലോസിനെ ഇങ്ങു കൂട്ടിക്കൊണ്ടുവരുക.

കല്യാ: രാജാ:— ഹാ! ഇതു വളരെ ആശ്ചര്യമായിരിക്കുന്നു!

(അഞ്ചലോസ് പ്രവേശിക്കുന്നു.)

അഞ്ചലോ:— (വൃത്തം—ചെഞ്ചുരുട്ടി.)

താത മേ!—താത മേ!—താത മേ!
പാദസേവ ചെയ്യാൻ ഭാഗ്യമില്ലാത്തൊരു
പുത്രനാകുന്നു ഞാൻ മൽപിതാവേ!
താത മേ!—താത മേ!—താത മേ!

(കല്യാപുരി രാജാവിൻെറ കാല്ക്കൽ വീഴുന്നു.)

കല്യാ: രാജാ:— (പദ്യം)

എന്തോകേൾപ്പതു മൽസുതൻെറ ഗിരമോ!
ആരാണിതെൻ പുത്രനോ?
സ്വാന്തം സ്വപ്നസുഖം വരിച്ചിടുകയോ!
മന്മാനസഭ്രാന്തിയോ!!

അഞ്ചലോ:— (പദ്യം)

ഭ്രഷ്ടനായ മകനാണു ഞാൻ പ്രിയ—
പ്പെട്ടതാത! കരുണാപയോനിധേ!
ആട്ടിടാതിനിയെനിക്കനുഗ്രഹം
പുഷ്ടമോദമുടനേ തരേണമേ.

കല്യാ രാജാ:—   (പദ്യം)

ഹാ! ഹാ! കാലിണതൊട്ട നേരമുളവാം
രോമാഞ്ചാഹർഷാദിയി-
ന്നാകപ്പാടെ നിനയ്ക്കിലെൻെറ മകനെ.....

(പരസ്പരം ആലിംഗനം ചെയ്യുന്നു. അനന്തരം) വീരബാ: ജ്യേഷ്ഠാ, എൻെറ പൊന്നുജ്യേഷ്ഠാ!!(പരസ്പരം ഗാഢാലിംഗനംചെയ്യുന്നു.)

ആഞ്ച:— സഹോദരാ! എൻെറ കുഞ്ഞനുജാ! ഒന്നിച്ചുവാഴുവാനുള്ള ഭാഗ്യം കുറേക്കാലത്തേയ്ക്കു നഷ്ടപ്പെട്ടുപോയ ദുർഭഗനായ ജ്യേഷ്ഠൻ ഞാൻ തന്നേ, പ്രിയ വീരബാഹോ!

വീരബാ:— എൻെറ പ്രിയപ്പെട്ട ജ്യേഷ്ഠനെക്കാണാതെ ഞാൻ എത്രമാത്രം ദു:ഖിച്ചു!

ആഞ്ചലോ:— ഞാൻ നിങ്ങളുടെ വൎത്തമാനങ്ങളെല്ലാം അന്നന്ന് അറിഞ്ഞുകൊണ്ടുതന്നെയാണിരുന്നത്. ഇയ്യിടെ കല്യാപുരിരാജധാനിയിൽ ഒരു ഭ്രാന്തനായി വന്നു, ജയിലിൽക്കിടന്നിരുന്ന ഏലിയായെ രക്ഷിച്ചുകൊണ്ടുപോന്നതു ഞാൻതന്നെയായിരുന്നു.

കല്യാ. രാജാ:— എനിക്കിപ്പോൾ ഉള്ള ഹൃദയവികാരങ്ങളെ വൎണ്ണിക്കുവാൻ വയ്യ.

(ഗാനം—ആനന്ദം ആനന്ദം ആനന്ദം. എ. മ.)

ആനന്ദം-ആനന്ദം-ആനന്ദമേ-പരം-
ആനന്ദം-ആനന്ദം-ആനന്ദമേ!
കിട്ടിയെൻ പുത്രനെ, ദൈവസമ്മാനം!
കേട്ടിതാ ഏലിയാ സ്ത്രീയെന്നു നൂനം!
ശ്രേഷ്ഠനാം മന്നവൻ ബന്ധുവാം മാനം,
പുഷ്ടമോദപ്രദം,-ഇല്ലുപമാനം!!   (ആനന്ദം)

വീരബാ: — (ടി. മട്ട്)

അത്ഭുതം! മൽക്ഷതം പോയതെന്നാലും,
സൽപുമാനഗ്രജാലോകനം മൂലം
ഉൽപന്ന മോദ മൂല്യമിക്കാലം
ചിൽപുമാൻ സദാരം നല്കണം മേലും. (ആനന്ദം)

ആഞ്ചെ: — (ടി. മട്ട്.)

വേണ്ടും ജനങ്ങളുണ്ടായിതാ, മോദം—
പൂണ്ടുകൈകൊണ്ടുമാം താതൻ അഭേദം,
ഉണ്ടായിവർക്കു സദ്ബോധം, സുവേദം,
ഇണ്ടലെന്യേ വരിക്കും നിർവിവാദം! (ആനന്ദം)

ഏലിയാ: — വല്ലായ്മയാദ്യം ഭവിച്ചതിൻശേഷം
എല്ലാം ശുഭ, മിക്കലാശം വിശേഷം!
നല്ല പ്രപഞ്ചാധി നാഥന്നശേഷം
ഇല്ലാരൊട്ടും ദ്വേഷം—പാരം സന്തോഷം!!
(ആനന്ദം—ആനന്ദം!!!)

കമലാ. രാജാ: — ഇതെല്ലാം ഈശ്വരഹിതംതന്നേ. ഈ സന്ദർഭത്തിൽ ഒരു മംഗളവാർത്തകൂടെ അങ്ങയെ അറിയിക്കുവാൻ എനിക്കാഗ്രഹമുണ്ട്: — എൻെറ പുത്രി ഏലിയായെ അങ്ങയുടെ പുത്രൻ ആഞ്ചലോസിനു വിവാഹം ചെയ്തു കൊടുക്കുവാൻ ഇവിടെ തീർച്ചയാക്കിയിരിക്കുന്നു. അങ്ങെയ്ക്കു ഈ ബന്ധം സന്തോഷപ്രദമല്ലേ?

(ആഞ്ചലോസും ഏലിയായും ലജ്ജാവിവശരായി തല താഴ്ത്തുന്നു.)

കല്യ. രാജാ: — അതിലുപരിയായ വേറെന്തു ബഹുമതിയാണ് എനിക്കു കാംക്ഷിക്കുവാനുള്ളതു്! അങ്ങയുടെ ഇഷ്ടം നിവർത്തിതമായിത്തീരുന്നതിൽ ഞാൻ അത്യന്തം സന്തുഷ്ടനായിരിക്കുന്നു.

കമലാ. രാജാ: — എന്നാൽ, ഒരു സംഗതി അല്പമേ

അറിയിച്ചുകൊള്ളട്ടെ:— എന്റെ കാലശേഷം ഈ രാജ്യം ഭരിക്കേണ്ടതും അഞ്ചലോസല്ലാതെ മററാരുമല്ല. അങ്ങയുടെ പിൻഗാമിയായി നാടുവാഴുവാൻ അങ്ങേയ്ക്കു വേറൊരു പുത്രൻ ഉണ്ടല്ലോ.

കല്യാ. രാജാ:— ഈ വിഷയത്തിലും ഞാൻ അങ്ങയുടെ മഹാമനസ്കതയെ പ്രശംസിക്കുന്നു.

കമലാ. രാജാ: വിവാഹം അടുത്ത ആഴ്ചയിൽത്തന്നേ അത്യാഡംബരപൂർവ്വം നിർവ്വഹിക്കേണം. അടിയന്തിരങ്ങളെല്ലാം കഴിഞ്ഞു് അങ്ങു് ഇവിടെനിന്നു പോയാൽ മതി.

കല്യാ. രാജാ:— എനിക്കതു് സന്തോഷംതന്നേ.

കമലാ. രാജാ:— സത്യൈകദൈവം സ്തുതിക്കപ്പെടട്ടെ!

(എല്ലാവരുംകൂടെ)

പോപ്പുരാജ മംഗളം.

(റാട്ടിനമേ ഗാന്തി കൈബാണം. ഏ. മ.)

രാട്ടുകൾക്കുമേകരാട്ടാകും
പോപ്പുരാജൻ ജയിച്ചീടണം—ധരാതലേ. (രാട്ടു.)
൧ നിത്യപ്രതാപവാൻ—സത്യദൈവാത്മജൻ—
ക്രിസ്തുരാജൻ തന്നുടെ—പ്രാതി—
നിധ്യം വഹിച്ചീടുമാ—വരഗുണനിധി. (രാട്ടു.)
൨ കത്താലിക്കരായ—മേഷാവലിക്കാകെ
ഉത്തമസംപാലകൻ,—സാ—ക്ഷാൽ
സാത്വികസംസേവിതൻ—ജയ! ജയ! ഭുവി. (രാട്ടു.)
രാഷ്ട്രിയാധികാരം കാട്ടും ജയക്കൊടി,
നാട്ടിജ്ജയിച്ചാദരാൽ,—ഹാ! ഹാ!
വത്തിക്കാനിൽ വാണിടും,—വരഗുണനിധി. (രാട്ടു.)

I. D. V. M.

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date

DC Library
00004449
T62 B46

T62
B46

T62
B46

Indic Digital Archive Foundation
gpura.org